CALVARY FELLOWSHIP CHURCH, MUSCAT

25TH ANNIVERSARY

SOUVENIR 2014

CALVARY FELLOWSHIP CHURCH, MUSCAT

For Private Circulation Only

Calvary Fellowship Church, Muscat - Since 1990

Jubilee Committee &
Souvenir Editorial board
Members

Pr. Joseph Thomas
President

Br. Stanly Daniel
Jubilee Convenor

Br. Sunny Korah
Souvenir Editor

Br. George Mathew
Jubilee Treasurer

Br. Mathew R
Church Secretary

Br. Anil Chacko
Church Treasurer

Br. Sunny T Cherian

Br. Jacob John

Br. Saji Abraham

Br. Joseph Philip

Br. Varghese M.E.

Br. Sony Samson

Br. Suvi John

Br. Sunil Varghese

Br. John Philipose

CONTENTS

എഡിറ്റോറിയൽ.....5

Presidential Message.....6-7

Felicitation Messages.....8-21

കാൽവറി സഭ - ഒരു സംക്ഷിപ്ത റിപ്പോർട്ട്.....22-23

ഇരുപത്തഞ്ചും ബൈബിളും.....24-25

ദൈവം പ്രസാദിക്കുന്ന ഐക്യത.....26

ചരിത്ര വഴികളിലൂടെ.....28-30

Felicitation Messages.....31-36

മണലാരണ്യത്തിൽ തളരാതെ.....37

Felicitation Messages.....38-39

നാവിന്റെ അധികാരം.....40

അനുകരിക്കുന്നതാരെ?ലക്ഷ്യത്തിലെത്തുമോ?.....42-43

ദൈവത്തിനു മഹത്വം.....44

പ്രിയ സഹോദരി സഹോദരങ്ങൾക്ക് 49

ക്ഷണിക്കുന്ന മുഖാന്തിരങ്ങൾ.....50

സ്വർഗത്തിൽ നിന്നൊരു കത്ത്.....51

ദൈവം തന്റെ ജനത്തിന്റെ നിന്ദ മാറ്റിയാൽ.....52

വീണ്ടെടുപ്പ് 53

സഭ ദൈവത്തിനേറതായാൽ അത് തളിർക്കും.....63

ബേർശേബ മരുഭൂമിയിൽ ഉഴന്നു നടന്ന ഹാഗർ.....64

യഹോവയുടെ വൃക്ഷങ്ങൾ.....65

ദൈവീക തിരഞ്ഞെടുപ്പും, ശക്തിയും.....66

അനുഭവ സാക്ഷ്യം.....67-69

പുകഴുവാൻ ഒന്നുമില്ല 76

Holy Spirit & Christian Life.....77

കാൽവറി ക്രൂശിലെ സ്നേഹം 78

Church Members Directory.....80-92

Design & Layout
Sunny Korah

Photographs
Suvi John

Published by:
Calvary Fellowship Church, Muscat
P.O. Box: 1982, PC 112, Ruwi, Sultanate of Oman
GSM: 92949112, TeL: 24832520
www.calvarychurchmuscat.com
Email: cfcmuscat@gmail.com

എഡിറ്റോറിയൽ

Br. Sunny Korah
Souvenir Editor

കാൽവറി ഫെലോഷിപ്പ് ചർച്ച്, മസ്കറ്റിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സുവനീർ പ്രസിദ്ധീകരിക്കുവാൻ സർവ്വകൃപാലുവായ ദൈവം നൽകിയ ഈ അവസരം ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കുവാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

അനുഗ്രഹിക്കപ്പെട്ട നിലയിൽ, സഭയുടെയും, ജൂബിലിയുടെയും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ, കർത്തൃദാസനും, എക്സിക്കുട്ടീവ് കമ്മിറ്റിയും, ജൂബിലീ കമ്മിറ്റിയും, എഡിറ്റോറിയൽ ബോർഡും ചെയ്യുന്ന സേവനങ്ങൾ പ്രശംസനീയമാണ്. അവരോടുള്ള നന്ദിയും കടപ്പാടും ദൈവനാമത്തിൽ അറിയിക്കട്ടെ. വരും കാലങ്ങളിൽ ശ്രേഷ്ഠമായ നിലയിൽ ഈ ദേശത്തെ പ്രവർത്തനങ്ങൾ നയിക്കുവാൻ എല്ലാവരേയും ദൈവം സഹായിക്കേണ്ടതിന് പ്രാർത്ഥനയോടെ ദൈവകരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കാം.

ജൂബിലിയോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങൾക്കും, ആത്മീയമായും, ഭൗമികമായും സഹകരിച്ച കാൽവറി സഭയിലെ എല്ലാ ദൈവമക്കളുടെയും ആത്മാർത്ഥമായ സേവനങ്ങൾ സ്മരണീയമാണ്. സ്വർഗ്ഗത്തിലെ സകല ആത്മീയവരങ്ങളാലും സഭ നിറയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു എന്നരുളിചെയ്ത കർത്താവിന്റെ സമാധാനം ഉള്ളിൽ ഏറ്റെടുത്തുകൊണ്ട്, ഈ ഇരുപത്തഞ്ചാം വർഷം ഒരു പുതിയ തുടക്കത്തിന്റെ ഇരുപത്തഞ്ചായിത്തീരുവാൻ, വാഗ്ദത്തനിവിർത്തിയുടെ ഇരുപത്തഞ്ചായിത്തീരുവാൻ, ദൈവം പ്രസാദിക്കുന്ന ഐക്യതയോടെ, തളിർത്ത് പൂത്ത് ഫലം കായ്ക്കുന്ന സഭയായി, ഈ മണലാരണ്യത്തിൽ തളരാതെ, ഈ ലോകത്തിന് അനുരൂപികളാകാതെ കർത്താവിനെ അനുകരിക്കുന്നവരായി ലക്ഷ്യത്തിലെത്തുവാൻ, ക്ഷണിക്കുന്ന മുഖാന്തരങ്ങളിലൂടെ, കാത്തിരിക്കുന്ന കർത്താവ് ക്രൂശിൽ തന്റെ രക്തത്താൽ വീണ്ടെടുത്ത്, തൃപ്തിയുള്ള ലബാനോനിലെ യഹോവയുടെ വൃക്ഷം പോലെ, ഈ ദേശത്ത് നട്ടിരിക്കുന്നു. ആ ദൈവീക തിരഞ്ഞടുപ്പിന്റെയും, അഭിഷേകത്തിന്റെ ശക്തിയും പ്രാപിച്ച്, ഈ മരുഭൂമിയിലും ദൈവ ശബ്ദത്തിനായി, എല്ലാ പുകഴ്ച്ചയും ദൈവനാമത്തിനേകികൊണ്ട്, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ക്രിസ്തീയ ജീവിതം നയിക്കാം. പ്രാർത്ഥനയോടെ അതിനായി ഒരുങ്ങാം.

തത്വസംഹിതകളും, സാമുദായിക ആചാരങ്ങളും മുഖം ചുളിച്ചു നിൽക്കുമ്പോൾ, ദൈവസഭയ്ക്ക് അഭിമാനിക്കാനേറെയുണ്ട്. കാൽവറി ക്രൂശിൽ രക്തം ചൊരിഞ്ഞ സ്നേഹത്തിനു മുൻപിൽ, ഐക്യതയോടെ, സ്നേഹത്തോടെ അനേകരെ ദൈവ സഭയ്ക്ക് ആദായമാക്കുവാൻ കൈകൾ കോർക്കാം.

ഈ സുവനീർ ഒരു അനുഗ്രഹമായിത്തീരുവാൻ തക്കവണ്ണം അനുകൂലമായി നിന്ന ദൈവകരങ്ങൾക്കൊപ്പം, കേരളത്തിലെ അനുഗ്രഹിക്കപ്പെട്ട ദൈവസഭകൾക്ക് നേതൃത്വം വഹിക്കുന്ന ശ്രേഷ്ഠ ദൈവദാസന്മാരുടെയും, കഴിഞ്ഞകാലങ്ങളിൽ ദൈവസഭയെ നയിച്ച ശുശ്രൂഷകരുടെയും, ഇപ്പോൾ കാൽവറി സഭയുടെ ശുശ്രൂഷകനായിരിക്കുന്ന കർത്തൃദാസന്റെയും, ആശംസകളും ദൈവമക്കളുടെ ലേഖനങ്ങളും, കവിതകളും, ആഹ്വാനങ്ങളും, മികവുറ്റ ചിന്തകളും കൊണ്ട് ഈ പ്രസിദ്ധീകരണം നിറഞ്ഞു നിൽക്കുന്നു.

നവീന കാലഘട്ടത്തിന്റെ പ്രലോഭനങ്ങൾക്കും, ചിന്തകൾക്കും, ചെവികൊടുക്കാതെ, കർത്താവിന്റെ വരവ് ഏറ്റവും ആസന്നമായിരിക്കുന്ന ഈ കാലയളവിൽ, നിത്യതയുടെ പടവുകൾ കയറുവാൻ ദൈവശബ്ദത്തിന് കാതോർത്തുകൊണ്ട്, വിശുദ്ധിയോടെ, വേർപാടോടെ മണവാട്ടി സഭയായി നമുക്ക് ഒരുങ്ങാം. അനേകരെ അതിനായി ഒരുക്കുവാൻ കാൽവറി ഫെലോഷിപ്പ് സഭയെ പരിശുദ്ധാത്മാവിനാൽ നിറക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ സുവനീർ സഭാസമക്ഷം സമർപ്പിക്കുന്നു...

എഡിറ്റോറിയൽ ബോർഡിനുവേണ്ടി,

Br. Sunny Korah

CALVARY FELLOWSHIP MINISTRIES

Pr. James Abraham
President,
Calvary Ministries,
USA

Sing of His Mercies

ONE generation goes and another comes again. Times and circumstances changes. Ministers of the Body of Christ and members will all come and go. But the steadfast love of the Lord never ceases, His Mercy never come to an end, they are new every morning. Great is Thy faithfulness, Oh God. God had commanded His servant Moses, to tell the children of Israel, never to forget His protection and provisions which God of their fathers, have abundantly showered upon them during their fourty years of wilderness life. But they were asked to teach them to their children and to their children. Deut:4:7-10. Let us therefore Sing of His mercies, which we have enjoyed for the past twenty five years of our wilderness life in land of Oman. «I will sing of the mercies of the Lord forever. With my mouth will I make known Your faithfulness to all generations.»Psa:89:1.

His Great Faithfulness.

As we, The Calvary Church of Muscat, celebrate the twenty five years of Church life,with humble hearts and bended knees, let us acknowledge our Lord›s great faithfulness and abundant grace which He has richly poured upon each one of us. Along with the Psalmist let us, Bless our Lord›s Holy Name with a sincere heart. «Bless the Lord, O my soul, and all that is within me, bless His Holy Name. Bless the Lord Oh my soul and forgent not all His benefits. Psa:103:1-2. We will bless the Lord from this time forth for ever more. Psa:115:18.

In His great faithfulness, Our Lord has been our true spiritual source and strength and has supplied all our needs richly. The Lord who spoke in the past to His servant Zerubbabel, is the same Unchangeable Lord, who speaks to us today. And He says,» Not by might nor by power, but by My Spirit.» The Spirit of the Lord has indeed been our Divine enabler, and the endument for the last two and half decades.

His Glory Alone.

The Holy Spirit, when He comes, He will glorify Me, says the Lord. A.W.Tozer said in his book,The Divine Conquest, about the Forgotton One, «The Holy Spirit is the Spirit of Life,and Light,and Love. In His uncreated nature He is a boundless sea of fire,flowing, moving ever, performing as He moves the eternal purpose of God. Toward nature He performs one sort of work, toward the world another and toward the church still another.» We need to attribute everything that has happened to us during these many years to His Glory Alone. I am reminded of Dictrich Benhoeffer, the great man of God, who lived in Germany, during the years of former German leader Adolf Hitler,said like this, «Christianity was the daily experience of God both individually and corporately to the furtherance of God's Glory Alone.» God would not like to share His glory with any other beings, especially with human beings, who are a fallen race, saved by His Grace and Mercy alone. Therefore let us always be very careful not to grab any glory for any one of us, but desire to Honour Him only.

Shaped by His Love .

Finally,let us be shaped by His love alone as we live presently in His Body and wait for Him to come. the great Apostle Paul said in 11 Corint:9:14, "For the Love of God compels us." His love is both inexhaustible and immeasurable. We need to be rooted and grounded in His Love alone. Be able to comprehend with all the saints what is the width and length and depth and height, to know the love Christ which passes knowledge that you may be filled with all the Fullness of God. Eph:3:17-18. Love never fails, love is the greatest, therefore let us seek the more excellent thing in life and let us pursue love above all other things, which has no lasting values. The book of revelation leaves the church waiting, hoping,expecting,longing, Bride eagerly looking for her Bridegroom, clinging to His threefold promises that He is coming Quickly. Meanwhile she is confident that His grace will be sufficient for her, until the eternal wedding feast begins and she is united to her Bridegroom for ever. Let me conclude with a story which the great Theologian John Stott has said, There was a sculptor once, so they say,who sculpted statue of our Lord. And the people came from great distance to see it-Christ in all His strength and tenderness. They would walk all around the statue, trying to grasp its splendour, looking at it now, from this angle, now from that, yet still its grandeur eluded them. Until they consulted the Sculptor himself. He would invariably reply"there is only one angle from which this statue can be truly seen,You must Kneel." Amen.

Presidential Message

CALVARY FELLOWSHIP CHURCH, MUSCAT

Pr. Joseph Thomas
(Santhosh)
President

രണ്ടര പതിറ്റാണ്ടു മുൻപ് അഞ്ചു പേരുമായി ആരംഭിച്ച കാൽവറി ഫെലോഷിപ്പ് ചർച്ച് ഇന്ന് ഇരുന്നൂറിലധികം അംഗങ്ങൾ ഉള്ള മസ്കറ്റിലെ പ്രമുഖ പെന്തക്കോസ്ത് സഭയായി വളർന്നതിന്റെ പിൻപിൽ അവിസ്മരണീയ അനുഭവങ്ങളുടെയും അത്ഭുത ദൈവീക നടത്തിപ്പുകളുടെയും ഓർമ്മകൾ ഏറെയാണ്. ജനിച്ച നാടും, ജനിപ്പിച്ച മാതാപിതാക്കളെയും വിട്ട് വിദേശ ജോലി എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി ഈ മരുഭൂമിയിലെത്തിയവർ അഭിമുഖീകരിച്ച അഗ്നിശോധനകൾ വളരെയാണ്. ശമ്പളമില്ലാത്ത മാസങ്ങൾ, ജോലിയില്ലാത്ത നാളുകൾ താമസിക്കുവാൻ ഇടമില്ലാത്ത ദിനങ്ങൾ, വിസയിലെ പൊരുത്തക്കേടുകൾ, അപരിചിതത്വത്തിന്റെ അസ്വസ്ഥത, ഏകാന്തതയുടെ തേങ്ങലുകൾ, ഗൃഹാതുരത്വം, വിവിധ രോഗങ്ങൾ, അപ്പോഴെല്ലാം കാൽവറി സഭാംഗങ്ങൾ ഒരു കുടുംബം എന്നപോലെ കുളിർമ്മയേകുന്ന കൂട്ടായ്മയുമായി ആശ്വാസത്തിന്റെ വലങ്കൈ നീട്ടി അവരോടൊപ്പം നിന്നു എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. ദൈവം അയച്ച കർത്തൃശുശ്രൂഷകരോടു ചേർന്ന് പ്രവർത്തിക്കുന്ന ദർശനമുള്ള സഭാ നേതൃത്വവും സേവന സന്നദ്ധതയുള്ള ദൈവമക്കളും ആത്മവ്യാപാരത്തിന്റെ സജീവകൂട്ടായ്മകളും, കാൽവറി ഫെലോഷിപ്പിന്റെ പ്രത്യേകതയാണ്. ആതുര സേവന സന്നദ്ധതയോടുകൂടിയ സഭയുടെ സ്നേഹം അറിഞ്ഞ് സഹായം ഏറ്റുവാങ്ങിയവർ നിരവധിയാണ്. വിവാഹ വിദ്യാഭ്യാസ, ചികിത്സാ സഹായങ്ങൾ ആയി അനവധി ആളുകളുടെ കണ്ണുനീർ ഒപ്പുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

വിവിധ സഭകളുടെ അതിരുകളിലും വരമ്പുകളിലും വേർതിരിക്കപ്പെട്ട് പല സംഘടനകളിലും, പല സമുദായങ്ങളിൽ നിന്നും വന്ന ദൈവമക്കൾ യാതൊരുചേരിതിരിവും ഇല്ലാതെ കാൽവറി കുടുംബത്തിന്റെ മറവിൽ ഏകോദരസഹോദരങ്ങളെപ്പോലെ ആരാധിക്കുന്നത് തികച്ചും പ്രശംസനീയമാണ്.

മലങ്കരയിൽ വീശിയടിച്ച പല ദുരുപദേശങ്ങളും പെന്തക്കോസ്തിസത്തിന്റെ ജീവൻ ചോർത്തുന്ന നൂതന പ്രവണതകളും കാൽവറിയുടെ മതിലിനകത്തും വേരിറക്കാൻ ശ്രമിച്ചപ്പോഴെല്ലാം അംഗസംഖ്യ വർദ്ധിപ്പിച്ച് ആൾക്കൂട്ടം വലുതാക്കുന്നതിനേക്കാൾ പിതാക്കന്മാർ പിന്തുടർന്ന ഉപദേശശുദ്ധിയും, ജീവിതവിശുദ്ധിയും മുറുകെ പിടിച്ചു മുന്നേറാൻ കാൽവറി സഭ ശ്രമിച്ചിട്ടുണ്ട്.

ആരാധനയുടെ പേരിൽ അരങ്ങേറുന്ന പേക്കൂത്തുകളെ പ്രോത്സാഹിപ്പിക്കാതെയും ശുശ്രൂഷക ലേബലിലെത്തുന്ന വ്യാജന്മാരെ അവഗണിച്ചും, ആഭരണ വർജ്ജനത്തിന് പ്രാധാന്യമേകിയും, വേഷത്തിലും, ഭാഷയിലും എല്ലാം പെന്തക്കോസ്തിന്റെ കേരളത്തനിമ സൂക്ഷിക്കുവാനും നാം നാളിതുവരെ ശ്രമിച്ചിട്ടുണ്ട്.

ബാല മനസ്സുകളെ സുവിശേഷ സജ്ജമാക്കുന്ന സ്ക്കൂൾ ഓഫ് ക്രൈസ്റ്റും, യുവതയുടെ സർഗ്ഗശേഷികളെ തൊട്ടുണർത്തുന്ന യൂത്ത് ഫെലോഷിപ്പും, പ്രാർത്ഥനാ ദർശനമുള്ള സഹോദരിമാരുടെ വുമൺസ് ഫെലോഷിപ്പും, ഉത്തരേന്ത്യയുടെ സുവിശേഷ ദാഹം അറിയുന്ന മിഷൻ പ്രവർത്തനങ്ങളും കരുത്തോടെ നയിക്കപ്പെടുവാൻ ദൈവം കൃപ നൽകുമാറാകട്ടെ.

കർത്തൃശുശ്രൂഷയിൽ
Pr. Joseph Thomas

Felicitation Message

INDIA PENTECOSTAL CHURCH OF GOD

IPC, Hebron, Kumbanad, Kerala, India 689547

Pastor K.C. John
General Secretary
IPC

With the celebration of praises to God, I congratulate you, Pastor and Believers of Calvary Fellowship Church, Muscat, on this blissful occasion of your Silver Jubilee. You are robust in faith, rooted in the solid Word of God and gifted by the Holy Spirit. Your growth in the spirit is well known. Your enthusiasm in evangelism and soul winning has produced tremendous fruits.

"Therefore, my dear brothers and sisters, stand firm. Let nothing move you. Always give yourselves fully to the work of the Lord, because you know that your labor in the Lord is not in vain."

(1 Corinthians 15:58)

I pray that God will enlarge your frontiers and bless you abundantly.

Pastor K.C. John
General Secretary
IPC

Felicitation Message

Church of God (Full Gospel) in India
Kerala State

Registration No. 18 of 1949 Under the Societies Registration Act. 1860 (XXI of 1860)

Pastor P.J. James,
State Overseer,
Church of God in
India, Kerala State

Church of God in India, Kerala State has an ardent and intimate fellowship with the Calvary Fellowship Church, Muscat. We are proud to express our heart-felt appreciation to the church members and the council which laboured hard for the last twenty five years to bring this congregation into the fore-front in the Sultanate of Oman.

The present minister Pr. Joseph Thomas, a zelous man of God, did commendable service in his tenure for the spiritual and physical activities of the church.

Hosea 2:14 says: 'Therefore, I will allure her, and bring her into the wilderness and speak comfortably unto her.' It is the perfect will of our Master that these men of God in this church who sweat and toil for their live hood in the wilderness of Oman may stand for the Kingdom of God. Let their lives be secured in the mighty hands of our Lord for this earthly existence and for the eternal abode.

PASTOR P.J. JAMES
State Overseer
Church of God in India
Kerala State

Felicitation Message

MALAYALAM DISTRICT COUNCIL
of the
SOUTH INDIA ASSEMBLIES OF GOD

Pastor T.J. Samuel,
Superintendant,
Malayalam District
of the Assemblies of
God

"Praise the Lord"

Glad to hear that Calvary Fellowship Church, Muscat is celebrating its Silver Jubilee in 2014 and releasing a Souvenir on this occasion. I send the sincere greetings of the Assemblies of God Churches in the Malayalam District on this occasion.

We praise God together with you for His leading in the past and all the victories He has given to this Fellowship.

We wish that God grant you more of His power to minister to the needs of that region and bring peace and salvation through Jesus Christ to the inhabitants of that area.

Sincerely in Christ Jesus.

Pastor TJ Samuel,
Superintendant, Malayalam District of the Assemblies of God

Felicitation Message

SHARON FELLOWSHIP CHURCH

'SHARON' THIRUVALLA, KERALA, INDIA-689 101

(Reg. No. S A. 56/1975) Phone: 0469 2607066

Rev. Dr. T G Koshy
President

WITH great joy in the Lord, I would like to greet and congratulate Calvary Fellowship Church, Muscat for completing 25 years of faithful service in the Middle East. It's a matter of gratitude before God that Calvary Fellowship Church, Muscat keeps a good relationship with all main line Pentecostal denominations, especially with Sharon Fellowship Church. And it is my pleasure to write few lines for the souvenir which is going to be released on the joyous occasion of the completion of 25 years of faithful service.

It is very much commendable that you keep Unity, Worship and Mission as the crown of your ministries in the Middle East. I personally congratulate Pastor Joseph Thomas and the Executive Committee of the church for the excellent ministries you are carrying out for the extension of the Kingdom of God. I do remember the words of Paul in Philippians 1: 6, "being confident of this, that he who began a good work in you will carry it on to completion until the day of Christ Jesus". I believe that God will lead you to new heights and ventures and praying for the fulfillment of all the purposes God has in mind for you.

On behalf of the Sharon Fellowship Church, I wish all success to your Silver Jubilee celebrations and pray that the efforts of Calvary Fellowship Church, Muscat will contribute much to the Mission of the church worldwide.

Rev. Dr. T G Koshy
President

Felicitation Message

Pastor. CK Joseph

നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷകനുമായ കർത്താവായ യേശു ക്രിസ്തുവിന്റെ ധന്യമുള്ള നാമത്തിൽ ഈ അവസരത്തിൽ നിങ്ങൾക്ക് ഏവർക്കും ഈ എളിയ ദാസന്റെ സ്നേഹവന്ദനങ്ങൾ.

മസ്ക്കറ്റ് കാൽവറി ഫെലോഷിപ്പ് ചർച്ചിന്റെ 25ാം വാർഷികത്തിൽ ഞാനും നിങ്ങളോടൊപ്പം പ്രാർത്ഥിക്കുകയും, സന്തോഷിക്കുകയും ചെയ്യുന്നു.. ഈ സഭയുടെ പ്രാരംഭ സമയത്തെക്കുറിച്ച് കണ്ണുനീരൊടെ ഞാൻ ഈ സമയം ഓർക്കുന്നു.. ദൈവീകനിയോഗപ്രകാരം ചില വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ നിരന്തരമായ പ്രാർത്ഥനയും ഉപവാസ ജീവിതവും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു...ഞാനും, ഇപ്പോൾ കർത്ത്യസന്നിധിയിൽ വിശ്രമിക്കുന്ന കെ എ തോമസും ചേർന്ന് 1988ന്റെ ആദ്യഘട്ടത്തിൽ ദൈവസന്നിധിയിൽ, താൻ കുടുംബമായി പാർത്തിരുന്ന ഭവനത്തിൽ തന്റെ കുടുംബവുമായി നിരന്തരം പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യുപോന്നു... ഇപ്പോൾ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന ഇവ. മാത്യു ചെറിയാൻ, താനും തന്റെ കുടുബവുമായി പാർത്തുകൊണ്ടിരുന്ന flatൽ ഞങ്ങൾ പ്രാർത്ഥനാസെൽ ആരംഭിക്കുകയും ചെയ്തു.

ആ സമയത്തു, (1990) ഇപ്പോൾ കാൽവറി ഫെലോഷിപ്പ് മിനിസ്ട്രീസിന്റെ ഡയറക്ടർ ആയിരിക്കുന്ന ബഹുമാന്യ കർത്തൃദാസൻ പാസ്റ്റർ ജെയിംസ് ഏബ്രഹാം ഞങ്ങളുടെ കൂട്ടായ്മയിൽ കടന്നുവരുകയും ദൈവീകാലോചനപ്രകാരം കാൽവറി ഫെലോഷിപ്പ് മിനിസ്ട്രിയുടെ ഒരു ചർച്ചായി അതിനെ നാമകരണം ചെയ്തുകയും ചെയ്തു.. ആ പ്രാരംഭസഭയുടെ ശുശ്രൂഷകനായി എല്ലാവരും കൂടി പ്രാർത്ഥിച്ചു ദൈവിക കൈവെയ്പ്പ് തന്ന് ഈ എളിയദാസനായ എന്നെ സഭയുടെ ശുശ്രൂഷകനായി തിരഞ്ഞെടുത്തു.

പിന്നിട് അനേകർ കടന്നു വന്നു പ്രാർത്ഥിക്കുകയും തങ്ങളുടെ പ്രശ്നങ്ങൾക്കു വിടുതലും ആത്മീയ സന്തോഷവും പ്രാപിച്ചു കൊണ്ടിരുന്നു.. ആ സമയത്തു കടന്നുവന്ന് ആത്മീയ കൂട്ടയ്മാ അനുഭവിച്ചവരാണ് ബ്രദർ എ.സി ജോൺസൺ & ഫാമിലി, ബ്രദ. ജേക്കബ് ജോൺ &ഫാമിലി, ബ്രദർ ആർ മാത്യു & ഫാമിലി, കൂടാതെ മറ്റു പല കുടുബങ്ങളും ഞങ്ങളോടൊത്തു ആരാധനയിൽ സംബന്ധിച്ചിരുന്നു.....

പൂർണ്ണസുവിശേഷത്തിനായി ദൈവം എന്നെ വിളിച്ച വിളിക്കു അനുസരണമായി 1994 മെയിൽ ഞാൻ എന്റെ ജോലി രാജിവെച്ച് അവിടുത്തെ വേല തികച്ച് സഭയുടെ അടുത്ത ശുശ്രൂഷകനായി നാട്ടിൽ നിന്നും പാസ്റ്റർ കെ ഇ മാത്യു അവർകളെ ഏൽപ്പിച്ച് നാട്ടിൽ കടന്നുവന്നു.. പൂർണ്ണസമയം കർത്താവിന്റെ വേലയിൽ വ്യാപൃതനായിരിക്കുന്നു.. ഞങ്ങൾ ഇന്നുവരേയും കുടുബമായി വിളിച്ച ദൈവത്തിന്റെ സന്നിധിയിൽ വിശ്വസ്തതയോടെ ദൈവത്തിന്റെ വേലയിൽ ആയിരിക്കുന്നു.. നമ്മൾക്ക് കർത്താവിന്റെ വേല തികയ്ക്കാം .. കർത്താവിന്റെ രണ്ടാം വരവിന്റെ കാഹള ശബ്ദം മുഴങ്ങാറായി, നമ്മളെ ഓരോരുത്തരെയും ദൈവം ഏൽപ്പിച്ച വേല വിശ്വസ്തയോടെ ചെയ്തു തീർക്കാം കാലം ഇനിയും അധികം ഇല്ല. പ്രതിഫലം കർത്താവിന്റെ പക്കൽ ഉണ്ട് അത് പ്രാപിപ്പാൻ നമ്മളെത്തന്നെ ഒരുക്കാം.

Muscat Calvary Fellowship Church ന്റെ ജൂബിലി ആചരിക്കുന്ന ഈ സമയത്തു എന്റെയും എന്റെ കുടുംബത്തിന്റെയും പ്രാർത്ഥനയും എല്ലാവിധമായ ദൈവീക ആശംസകളും പ്രത്യേകിച്ച് സഭയുടെ കർത്തൃദാസനും കുടുബത്തിനും മറ്റ് എല്ലാ വിശ്വാസികൾക്കും നേരുന്നു. ഈ സഭ വളർന്നു അനേകരെ കർത്താവിന്റെ വരവിന്റെ നാളിലേക്കു ഒരുക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ..

എന്ന് കർത്താവിൽ എളിയദാസൻ

Pr. C.K. Joseph

Pastor K.E. Mathew
Calvary Fellowship
Ministries

ദൈവത്തിനു മഹത്വം

സങ്കടദേശത്തു ദൈവം എന്നെ വർധിപ്പിച്ചു. ഉല്പത്തി 41; 52

മരുഭൂമിയിൽ മരുപ്പച്ച തേടി അലഞ്ഞ അനേകർക്ക് ജീവന്റെ ഉറവയായ ക്രിസ്തുവിന്റെ മഹത്വം ദർശിപ്പിപ്പാൻ കാൽ നൂറ്റാണ്ടായി കാൽവറി ഫെലോഷിപ്പിന്റെ പ്രവർത്തനം മൂലം ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു...

സന്തോഷവും ആനന്ദവും തേടി ചവിട്ടിമെതിക്കപ്പെടുന്ന ആത്മീക മൂല്യങ്ങൾ, അധാർമ്മീകത, വർദ്ധിച്ചുവരുന്ന അനാത്മീകത, പ്രസംഗത്തിലും സംസാരശൈലിയിലും വേഷത്തിലും, ഭാവത്തിലും ആകൃതിയിലും പ്രകൃതിയിലും ആത്മീകതയുടെ അതിപ്രസരം ആഞ്ഞുവീശുന്ന ഈ കാലഘട്ടത്തിൽ, തെറ്റും ശരിയും വേർതിരിച്ച് നേർവഴികാട്ടുവാൻ പെന്തെക്കോസ്തിന്റെ ആദ്യ കാലഘട്ടത്തിൽ എന്നപോലെ ഉപദേശവിശുദ്ധിയും, ജീവിതശുദ്ധിയും, വിശ്വസ്തതയോടും, ആത്മഭാരത്തോടും കൂടി കാത്തുസൂക്ഷിച്ച് വെല്ലുവിളികളുടെയും പോരാട്ടത്തിന്റെയും നടുവിൽ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കാൽവറി ഫെലോഷിപ്പിന്റെ പ്രവർത്തനത്തെ ദൈവം അനുദിനം അനുഗ്രഹിച്ച് വർദ്ധിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു...

ചില വർഷങ്ങൾ ഈ സഭയുടെ ശുശ്രൂഷകനായിരിപ്പാൻ ഈ എളിയവനും ദൈവം സാവകാശം നൽകി. നടന്നു തീർത്തതിനെക്കാൾ ഇനിയും മുന്നോട്ടു പോകുവാൻ ആവശ്യമായ ദൈവശക്തി ഉയരത്തിൽ നിന്നും പ്രാപിച്ച് ശക്തരായിത്തീരുവാൻ എല്ലാ ദൈവമക്കൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു...

ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു..

എന്ന് ക്രിസ്തുവിൽ സ്നേഹപൂർവ്വം

Pastor K.E. Mathew
Calvary Fellowship Ministries

Felicitation Message

Pr. Glancy. M. Varghese
Gilead Prayer Centre, Panvel
New Mumbai

GREETINGS from Pastor Glancy and Family to Calvary Fellowship church, Muscat in the name of the Lord and Saviour Jesus Christ who said «I Myself am the Door for the sheep». (John 10: 7)

Calvary Fellowship church in Muscat is the flagship of Calvary Fellowship ministries. We as family are happy that Calvary Fellowship Church in Muscat is celebrating its Silver jubilee. I thank my Lord for the privilege to be the Pastor of Calvary Fellowship Church in Muscat for 4year.

As valleys are they spread forth, as gardens by the river's side, as the trees [rare spice] of lign aloes which the Lord has planted, and as cedar trees beside the waters (Num 24 : 6) Let Lord Almighty bless this church as said in the Word of God.

We will pray for this church to be a blessing for many.

Pr. Glancy. M. Varghese

Felicitation Message

Pastor Joseph Varghese
Principal, Fathers House Theological Seminary

Cheerfully rejoicing on the endeavour of publishing a Souvenir on the occasion of 25th anniversary celebration of Calvary Fellowship Church, Muscat. Which exemplifies the beauty of brotherly love, discipleship based on Holy life and true biblical doctrine. 25 years of spiritual presence of church amongst the exiles of Arabian Malayalee Christians are praise worthy. Pastoring the Church during the year 2000-2003 was a great blessing. Let the heavenly father shower the choicest blessing upon the church until the second coming of our Lord and saviour for the visionary guidance of the saints.

Pastor Joseph Varghese
(Ex Pastor - Calvary Fellowship Church, Muscat)

Felicitation Message

Pastor. C.D. Thomas

കാലസമ്പൂർണ്ണതയിൽ കർത്താവായയേശുക്രിസ്തു കാൽവറിയിൽചൊരിഞ്ഞ ചുടു നിണത്തിന്റെ വക്താക്കളായി നിരവധി ദൈവജനത്തെ മലയാളക്കരയിലും ഭാരതത്തിന്റെ മറ്റ് സംസ്ഥാനങ്ങളിലും മറുനാട്ടിലും വാർത്തെടുത്ത IFGES-ന്റെ സഭാവിഭാഗമായ കാൽവറി ഫേലോഷിപ്പിനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു ..ഒമാനിലെ പ്രഭചൊരിയും നഗരങ്ങളിലും മണലാരണ്യത്തിലും കടലോരങ്ങളിലും സുവിശേഷ വിരോധികൾക്ക് മുൻപിലും സുവിശേഷ ദാഹികൾക്കിടയിലും പണ്ഡിതരും പാമരരും ദരിദ്രരും സമ്പന്നരും ഒരുപോലെ വസിക്കുന്ന പ്രവാസികൾക്കിടയിലും ജീവിതംകൊണ്ടും ഉപദേശം കൊണ്ടും അറിവിന്റെയും അനുഭവസമ്പത്തിന്റെയും ആത്മ ഭാരത്തിന്റെയും ആത്മശക്തിയുടെയും ആഴമേറിയ പകർച്ച നൽകിക്കൊണ്ട് ദൈവനാമമഹത്വത്തിനായി നില കൊള്ളുന്ന കാൽവറി ഫെലോഷിപ്പ് മസ്ക്കറ്റ് സഭയെ ഓർക്കുമ്പോൾ ഞാൻ സന്തോഷിക്കുന്നു. ഈ സഭ പിന്നിട്ട വഴികളിൽ സഭ പരിപാലനത്തിനായി ദൈവം നിയോഗിച്ചയച്ച ഇടയ ശുശ്രൂഷകരിൽ ഒരുവനായി നിൽക്കുവാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുകയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു.

''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു..'' മത്തായി 16:18) നസറായനായ യേശു, 'ക്രിസ്തു'വാകുന്നു എന്ന സത്യത്തിൻമേൽ പണിയപ്പെട്ടിരിക്കുന്ന സഭയ്ക്കെതിരെ എന്നും നരക ശക്തികൾ എഴുന്നേറ്റിട്ടുണ്ട്.... അതിൻമേൽ മഴ പെയ്യുകയും വെള്ളം പൊങ്ങുകയും കാറ്റ് ആഞ്ഞടിക്കുകയും ചെയ്തിട്ടുണ്ട്,, എന്നാൽ ക്രിസ്തുവിന്റെ സഭ ഇന്നും വിജയഭേരി മുഴക്കിക്കൊണ്ട് നിലനിൽക്കുന്നു, കാൽവറി ഫെലോഷിപ്പ് മസ്കറ്റ് സഭയും ക്രിസ്തുവിന്റെ സഭയുടെ ഭാഗമകയാൽ സകല പ്രതികൂലങ്ങളെയും അതിജീവിച്ച് 25 വർഷം പൂർത്തിയാക്കുമ്പോൾ സഭയുടെ പരിപാലകനായ കർത്താവിനോട് എത്രമാത്രം നന്ദി പറഞ്ഞാൽ മതിയാകും. ഇനിയും ഈ അന്ത്യകാലത്ത് ഉയർന്നു വന്നേക്കവുന്ന പ്രതികൂലങ്ങൾക്കും വെല്ലുവിളികൾക്കും നടുവിൽ നമ്മെ സകല സത്യത്തിലും വഴി നടത്താൻ അയ്ക്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിനാട് നമ്മുക്ക് ചേർന്നു നിൽക്കാം.

ക്രിസ്തുവിനെ സാക്ഷികരിപ്പാൻ..... (അപ്പോ 1;8)

കൃപായുഗത്തിന് അന്ത്യം കുറിച്ചുകൊണ്ടു കർത്തൃകാഹളം വാനിൽ മുഴുങ്ങുന്നതിന് തൊട്ടു മുൻപുള്ള നിമിഷം വരെ, ക്രിസ്തു യേശു കാൽവറിയിൽ മുഴക്കിയ മാനവമോചന കാഹളം, ഗോത്ര, ഭാഷ, ജാതി, വർഗ്ഗ, വർണ്ണങ്ങൾക്കിടയിൽ ഭൂലോകത്തിന്റെ അന്ത്യം വരെ അനവരതം നീട്ടിയുതി നിത്യജീവന് അവകാശികളായ അനേകം ക്രിസ്തു ശിഷ്യർക്ക് ജന്മം നൽകുവാൻ ഇനിയും കാൽവറി ഫെലോഷിപ്പ് മസ്ക്കറ്റ് സഭയെ ദൈവം ഉപയോഗിക്കിട്ടെ എന്ന് പ്രാർത്ഥിക്കുന്നു... എല്ലാ വിധ ആശംസകളും ക്രിസ്തു നാമത്തിൽ നേരുന്നു...

Pastor. C.D. Thomas (M.Th)
Pulppally
Ex-Pastor, Calvary Fellowship Church, Muscat

Felicitation Message

Pastor. Raju Thomas
Ex-Pastor
CFC, Muscat

കാൽവറി ഫെല്ലോഷിപ്പ് മസ്കറ്റ് ദൈവസഭ അതിന്റെ 25-ാമത് വാർഷികം ആഘോഷിക്കുന്ന ഇത്തരുണത്തിൽ ജാർഖണ്ടിൽ നിന്നും ഞങ്ങളുടെ ആശംസകൾ.

ദൈവസഭയുടെ തനിമ ഒട്ടും ചോർന്നു പോകാതെ പുതിയ തലമുറയിലേക്ക് വിശ്വാസവും ഉപദേശവും കൂട്ടായ്മയും പകർന്ന് കാത്ത്സൂക്ഷിച്ചു വളർന്നു വന്ന ഇരുപത്തിഅഞ്ച് വർഷങ്ങളുടെ നേർചിത്രങ്ങൾ പകർത്തുന്ന ഈ പ്രസിദ്ധീകരണം പ്രത്യേക പ്രശംസ അർഹിക്കുന്നു.

പ്രാരംഭ ശുശ്രൂഷക്ക് കാരണക്കരനായി ദൈവം ഉപയോഗിച്ച് ഇന്നും സഭയ്ക്ക് നേതൃത്വം നലകുന്ന പാസ്റ്റർ ജെയിംസ് ഏബ്രഹാം, ഇന്നു വരെ പ്രാദേശിക സഭയെ നയിച്ച ശുശ്രൂഷകരും സഭയെ സജീവമായി നിർത്തുന്ന സഭാംഗങ്ങളും ദൈവത്താൽ അനുഗ്രഹിക്കപ്പെടട്ടെ...

കർത്തൃശുശ്രൂഷയിൽ

Pastor Raju Thomas
Ex-Pastor, Calvary Fellowship Church, Muscat

"Praise the Lord"

Pr. Shibu John
Oakville, ON.
Canada

WHAT a blessing it is to share in your joy and in the joy of the Holy Spirit in celebration of that has been achieved by this church over the past 25 years! I remember well of my visit to Calvary Fellowship Church, Muscat, Sultanate of Oman and the incredible warmth of reception there. I was overwhelmed by the welcome and the genuine hospitality from both the leadership and the members. The memories of your Christ-like love that I experienced in Muscat are still alive and well in my heart. May your celebrations reflect the joy of the indwelling Holy Spirit as you mark 25 years of a life of devotion, of faith and fellowship in witness to the love of God through Christ Jesus.

For the past years, the Calvary Fellowship Church of Muscat has been a symbol of Christian witness and ministry not only in Oman but also throughout India. May the good Lord continue to bless the church with a renewed commitment to the spreading of the gospel for an effective and fruitful ministry among the Diasporic Indians in the coming days. As in accordance with the great commission given by Jesus Christ, I pray the church will continue to reach out to the many lost the have yet to be saved.

Now is the time to move forward with confidence and renewed vision in the context of the various challenges that are awaiting us in the future. It is my prayer that the church will always continue being alive in your faith and in the work that you have been entrusted. I pray also, my dear brothers and sisters that you will share in the urgency of the need for the gospel. That you will, in understanding this desperate need, reflect strongly and brightly the image of Christ through this church to all in Muscat.

During these celebrations, I also hope that you have the opportunity to recall and ponder about those who have given you this great legacy. One name to be noted here is Pastor James Abraham, President of the Calvary Fellowship Mission. You have a great future in front of you filled with the promises of God so may the grace, love, joy and hope of the gospel of our Lord and Saviour Jesus Christ dwell richly among you.

It is a privilege to serve the Calvary Fellowship Churches through our parent organization International Full Gospel Evangelistic Society for the furtherance of Gospel. I take this time to thank God for the leadership of Calvary Fellowship Church, Muscat, and wish you many more blessed years.

Pr. Shibu John
International Co-ordinator
Calvary Fellowship Ministries.

Felicitation Message

Pastor Santhosh Alexander

Calvary Fellowship Ministries

GREETINGS in the Name of our Lord and Savior Jesus Christ!

I rejoice with the Calvary Fellowship Church, Muscat, and express my congratulations to you as you celebrate the 25th anniversary of your founding.

Over the years, God has shaped you into a vibrant community of believers with a passion to worship the Lord Jesus, and to grow in the grace and knowledge of Him. Many have been drawn to the gospel through this ministry and many testimonies have been shaped in your midst, which gives glory to the Lord.

Besides reaching out to the local community in Muscat, you have been a great support for the work of the gospel in many parts of India.

On behalf of the Calvary Fellowship Ministries, I particularly acknowledge with gratitude, your keen involvement with our mission fields in Mihijam in the state of Jharkhand in India, offering financial support, periodically monitoring progress, and offering words of encouragement to our mission workers. The Calvary Church in Mihijam, its two outreach stations in Mahulbona and Karmatad, and the Calvary Mission School in Mihijam are indeed blessed by your fellowship.

As you celebrate the 25th anniversary, this is an occasion to look back and be thankful to God for His faithfulness. It is also a time to look ahead. As Christians, when we set our sights into the future, we are looking in an eternal direction. We have been called to inherit an eternal life in Christ Jesus our Lord.

May a perspective of eternity shape the priorities, choices and plans of Calvary Fellowship Church, Muscat, as you continue to be effective for the Lord in drawing many more from darkness into God's light. "Therefore, my beloved brethren, be steadfast, immovable, always abounding in the work of the Lord, knowing that your toil is not in vain in the Lord." (1Corinthians 15:58)

Pastor Santhosh Alexander
National Director, Calvary Fellowship Ministries.

Felicitation Message

Br. Stanly Daniel
Jubilee Convenor

കാൽവറി ഫെലോഷിപ്പ് ചർച്ച് മസ്കറ്റ് അതിന്റെ 25ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുവാൻ ഈ ദൈവ സഭയ്ക്ക് കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുകയും അതിന് കാരണഭൂതനായ കർത്താവിന് മഹത്വം കരേറ്റുകയും ചെയ്യുന്നു.

കാൽ നൂറ്റാണ്ട് മുൻപ് കർത്താവ് തന്റെ തിരുശരീരമാകുന്ന സഭയെ കാൽവറി ഫെലോഷിപ്പ് എന്ന പേരിൽ മസ്കറ്റിൽ നടുവാൻ ആഗ്രഹിച്ചപ്പോൾ മരുഭൂമിയിലെ ജീവിതയാത്രക്കിടയിലെ ഏകാന്തതയിലും ഹൃദയത്തിന്റെ ഉള്ളിന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്ന ആത്മീകത നഷ്ടപ്പെടുത്താത്ത ചില സഹോദരന്മാരുടെ ഹൃദയത്തിൽ സത്യവചന പരിജ്ഞാനത്തിന്റെ പ്രകാശം നൽകിയപ്പോൾ അത് ഒരു ചെറിയ പ്രാർത്ഥനാ കൂട്ടമായി തുടങ്ങുകയും ഇന്ന് 200 ൽ അധികം പേർ ആരാധിക്കുന്ന വിശുദ്ധിയും വേർപാടും വചനാടിസ്ഥാനവുമുള്ള സഭയായി വളർത്തുകയും കാലാകാലങ്ങളിൽ ശുശ്രൂഷകന്മാരെ നൽകി സഭയെ ദൈവം പരിപാലിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സത്യദൈവവും സത്യാരാധനയും എന്തെന്ന് തിരിച്ചറിയാൻ കഴിയാതെ മരുഭൂമിയിൽ നിരാശരും ദുഃഖിതരും, സമാധാനവും, സന്തോഷവും നഷ്ടപ്പെട്ടവരുമായ അനേകർക്ക് ഒരു താങ്ങും തണലും, ആശ്വാസവുമായി ഇന്നും ദൈവസഭയെ നിലനിർത്തുന്നത് ഓർത്ത് കർത്താവിന് സ്തോത്രം ചെയ്യുന്നു.

ആതുരസേവന മേഖലകളിൽ ഈ ദൈവ സഭ കാണിച്ചിട്ടുള്ള പ്രത്യേക താൽപര്യം വളരെ പ്രശംസനീയമാണ്. തുടർന്നും കർത്താവിന്റെ രണ്ടാമത്തെ വരവ് വരെയും മസ്കറ്റിന് ഒരു പ്രകാശമായി എരിഞ്ഞ് ശോഭിക്കുന്ന വിളക്കായി അനേകർക്ക് തണലായി പടർന്ന് പന്തലിച്ച് നിൽക്കുന്നതോടൊപ്പം അനേകരെ നിത്യതയിലേക്ക് ഒരുക്കുവാൻ കാൽവറി ഫെലോഷിപ്പ് സഭയെ കർത്താവ് സഹായിക്കട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ഹൃദയം നിറഞ്ഞ് ആശംസിക്കുകയും ചെയ്യുന്നു.

Br. Stanly Daniel

Felicitation Message

Br. Sabin Thomas
Nizwa-
Co-ordinator

'അവൻ എന്നിലും ഞാൻ അവനിലും.....'

ദൈവം തന്റെ പദ്ധതികളെ പ്രതിഫലിപ്പിക്കേണ്ടതിന് ഒരു ജനത്തെ അന്വേഷിക്കുന്നു. അവന്റെ പദ്ധതിയിൽ ഒതുങ്ങി കീഴ്പ്പെട്ട് വരുന്ന ഒരു പാത്രത്തെ ഒരുക്കി എടുക്കാൻ ആഗ്രഹിക്കുന്നു. ദൈവീക പദ്ധതികളെ മനസ്സിലാക്കി ജീവിക്കുന്ന വ്യക്തികളെ അവന്റെ കണ്ണുകൾ തിരയുന്നു. സങ്കി. 14:2ൽ ദാവീദ് പറയുന്നത് ഈ കൂട്ടർ ബുദ്ധിമാന്മാർ ആണെന്നാണ്. അവർ ദൈവത്തെയും അവന്റെ പദ്ധതികളേയും അന്വേഷിച്ചുകൊണ്ടിരിക്കും. ലക്ഷ്യ ബോധത്തോടുകൂടി ആത്മീയജീവിതം നയിക്കുവാൻ പരിശ്രമിക്കും. ഈ തലമുറയിലും ദൈവത്തിന് ആവശ്യം ലക്ഷ്യബോധത്തോടുകൂടി ആത്മീയജീവിതം നയിക്കുന്നവരെയാണ്. പൂർണ്ണതയില്ലാത്ത ക്രിസ്തീയജീവിതം ഒരിക്കലും ആത്മീയ സംതൃപ്തിയോ സന്തോഷമോ നൽകുന്നില്ല. ക്രിസ്തുയേശുവിലാണ് ആ പൂർണ്ണത കണ്ടെത്താൻ കഴിയുന്നത്. 'അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപിയായി വസിക്കുന്നത്' എന്ന് വചനം പറയുന്നു (കൊലൊ. 2:9).

കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴിയാത്തതുപോലെ യേശുക്രിസ്തുവിൽ വസിക്കാതെ നമ്മിൽ സ്വർഗ്ഗിയ ഫലം ഒന്നും കായ്ക്കയില്ല. മറിച്ച് കായ്ക്കുന്നതോ ആകാത്തഫലം എന്നു വിളിക്കും.

പുരോഗതിയുടെ പരമോന്നതിയിലെത്തിയ ഇന്നത്തെ ലോകത്തിൽ നാം പലപ്പോഴും സ്വയം ഫലം കായ്ക്കുന്നു. നമ്മെ ചുമക്കുന്ന ആ നല്ല മുന്തിരിവള്ളിക്ക് ഭാരവും അപമാനവും വന്നു പോകുന്നു,

ജോൺ15:5ൽ യേശു വ്യക്തമായി പറയുന്നു, 'ഒരുവൻ എന്നിലും, ഞാൻ അവനിലും വസിച്ചാൽ അവൻ വളരെ ഫലം കായ്ക്കും.' എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല. ഈ ശബ്ദം ഉള്ളിൽ കേൾക്കുന്ന നാളിൽ മാത്രമേ ഒരുവൻ ദൈവീക പദ്ധതിയിൽ ആയിത്തീരുകയുള്ളു. ആകയാൽ ആത്മീയരായ നമ്മുടെ ലക്ഷ്യം ദൈവമഹത്വമായിരിക്കട്ടെ. അവനിൽ ഫലം കായ്ക്കുന്നു എങ്കിൽ മാത്രമേ നമ്മെ അവന്റെ ശിക്ഷ്യന്മാർ എന്ന് സ്വർഗ്ഗം അംഗീകരിക്കുകയുള്ളു, സ്നേഹിതന്മാർ എന്ന് യേശു അംഗീകരിക്കയുള്ളു. അങ്ങനെ നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഇടയാകും.

നമ്മിലെ 'സ്വയം"(ഞാൻ) ഇല്ലാതായെങ്കിൽ മാത്രമേ മറ്റൊന്നിന് കീഴടങ്ങിയിരിക്കാൻ കഴിയുകയുള്ളു. അവനിൽ വസിക്കാൻ കഴിയുകയുള്ളു.

നമ്മെ ചുമക്കുന്ന ആ നല്ല മുന്തിരിവള്ളിയിൽ പറ്റിച്ചേർന്നിരുന്ന് അതിലേക്ക് നമ്മുടെ വേരുകൾ ആഴ്ന്നിറങ്ങുമ്പോൾ കൃപയുടെ നിറവ് നമുക്കനുഭവിക്കാം. ഈ കൃപ അവന്റെ നിറവിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാകയാൽ മറ്റുള്ളവരിലേക്ക് അത് പകരപ്പെടുന്നു. ആത്മീയ അഭിവൃദ്ധി പ്രാപിച്ച് നാമും നമ്മിലൂടെ ചില ഉണങ്ങിയ, ചിതറിക്കിടക്കുന്ന അസ്ഥികളിൽ മാംസവും ഞരമ്പും, തൊക്കും പിടിപ്പിച്ച് അവയിൽ ജീവൻ വെളിപ്പെടുന്നു.

ഇങ്ങനെയുള്ള ഒരു വ്യക്തിയെയാണ് കർത്താവിന്റെ കണ്ണുകൾ തിരഞ്ഞുകൊണ്ടിരിക്കുന്നത്. അതൊരു ചെറിയ കൂട്ടമോ സഭയോ ആയിരിക്കാം. ഈ സഭയെ കർത്താവ് തന്റെ മണവാട്ടിയായി സ്നേഹിക്കും. അവന് നമ്മളോടുള്ള സ്നേഹം വർദ്ധിക്കും. വീട്ടിൽ ചേർക്കും, അന്നു നമുക്ക് മീതെ അവൻ പിടിച്ച കൊടി നാം കാണും. അതിൽ അവന്റെ രക്തത്തിൽ ചാലിച്ച് എഴുതിയവരികൾ ഇങ്ങനെ വായിക്കാം.

"നിത്യ സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു,'

അതുകൊണ്ട് എനിക്ക് നിന്നോടുള്ള എന്റെ ദയ ദീർഘമാക്കിയിരിക്കുന്നു.

സഭയുടെ 25ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ Calvary Fellowship Church, Nizwa Branch ന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

Br. R Mathew

കാൽവറി സഭ – ഒരു സംക്ഷിപ്ത റിപ്പോർട്ട്

കാൽവറി ഫെലോഷിപ്പ് ചർച്ച് രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ സഭയുടെ പൊതുപ്രവർത്തനങ്ങളെക്കുറിക്കുന്ന ഒരു സംക്ഷിപ്ത റിപ്പോർട്ടു സെക്രട്ടറി എന്നു നിലയിൽ എഴുതുവാൻ ദൈവം നൽകിയ ഈ അവസരത്തെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുകയും അതിനായി എന്നെ തിരഞ്ഞെടുത്ത സഭാംഗങ്ങളോടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഇരുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പു എളിയ രീതിയിൽ ആരംഭിച്ചനമ്മുടെ പ്രവർത്തനങ്ങളെ സർവ്വശക്തനായ ദൈവം ഇത്രത്തോളം വിശാലമാക്കിയല്ലോ. സഭയുടെ ആരംഭവും വളർച്ചയും പ്രതിപാദിക്കുന്ന ലേഖനം ബ്രദർ ജേക്കബ് ജോൺ എഴുതുന്നതു കൊണ്ടു ഞാൻ ചരിത്രം വിശദീകരിക്കുന്നില്ല ഇന്ന് ഇരുന്നൂറ്റിയമ്പതോളം അംഗങ്ങളുള്ള അനുഗ്രഹിക്കപ്പെട്ട സഭയായി തുടരുവാൻ കഴിയുന്നതിൽ അഭിമാനിക്കുന്നു....

ഉപദേശം :

കഴിഞ്ഞകാല പിതാക്കന്മാർ പിൻതുടർന്ന പെന്തക്കോസ്തുഉപദേശത്തിൽ അടിയുറച്ചു നിന്നു കൊണ്ടു ആത്മനിറവിലുള്ള ആരാധനയ്ക്കും ദൈവവചന പഠനത്തിനും പ്രാമുഖ്യം നൽകുന്ന രീതിയാണ് നാം അനുവർത്തിച്ചു പോകുന്നത്. വിശ്വാസികളുടെ ആഭരണ വർജ്ജനവും വിശുദ്ധജീവിതവും കർശനമായി നിഷ്കർഷിക്കുന്നു .....

ഭരണസമിതി :–

കഴിഞ്ഞകാലങ്ങളിൽ കാൽവറിയുടെ നേതൃത്വം അയയ്ക്കുന്ന ശുശ്രൂഷകരായിരുന്നു ശുശ്രൂഷകളെ നിയന്ത്രിച്ചു കൊണ്ടിരുന്നത്. എന്നാൽ കേരളത്തിലെ മുഖ്യധാര പെന്തക്കോസ്തു പ്രസ്ഥാനങ്ങളായ ഐപിസി, ചർച്ച് ഓഫ് ഗോഡ്, അസംബ്ളീസ് ഓഫ് ഗോഡ്, ശാരോൺ എന്നീ സഭകളിലെ ശുശ്രൂഷകർക്ക് രണ്ടു വർഷം വീതം ശുശ്രൂഷകൾക്ക് നേതൃത്വം നൽകണമെന്ന പൊതുസഭയുടെ തീരുമാനപ്രകാരം, ഇപ്പോൾ ഐപിസിയുടെ ശുശ്രൂഷകനായ പാസ്റ്റർ ജോസഫ് തോമസ് സഭയുടെ പ്രസിഡൻറും പാസ്റ്ററും ആയി പ്രവർത്തിച്ചു വരുന്നു.. പ്രസിഡൻറിനെക്കൂടാതെ വാർഷിക ജനറൽ ബോഡിയിൽ, തിരഞ്ഞെടുക്കപ്പെടുന്ന സെക്രട്ടറി, ട്രഷറാർ, യൂത്ത്സെക്രട്ടറി സ്കൂൾ ഓഫ് ക്രൈസ്റ്റ് ഹെഡ്മാസ്റ്റർ കൂടാതെ നാലു കമ്മറ്റി അംഗങ്ങൾ, ഇങ്ങനെ ഒമ്പതംഗ കമ്മറ്റി സഭയുടെ പ്രവർത്തന മേഖലയെ പ്രർത്ഥനാ പുരസരം നിയന്ത്രിച്ചു വരുന്നു. ഇപ്പോൾ ഞാൻ സെക്രട്ടറിയായും ബ്രദർ അനിൽ ചാക്കോ ട്രഷററും ആയി പ്രവർത്തിച്ചു വരുന്നു.

വിശാലകമ്മറ്റി;–

പൊതുസഭയെ ബാധിക്കുന്ന പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളേണ്ട അവസരങ്ങളിൽ മുൻ വർഷങ്ങളിലെ കമ്മറ്റി അംഗങ്ങൾ, സ്കൂൾ ഓഫ് ക്രൈസ്റ്റ് അദ്ധ്യാപകർ, സെൽ ലീഡേഴ്സ്, കെയർ ടീം മെംബേഴ്സ് യൂത്ത് കമ്മറ്റി അംഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്ന വിശാല കമ്മറ്റിയും കൂടിവരുന്നു, കഴിഞ്ഞ കാലങ്ങളിൽ സഭയ്ക്കു വേണ്ടി അദ്ധ്വാനിച്ച എല്ലാ പ്രവർത്തകരോടും നന്ദി അറിയിക്കുന്നു...

പോഷക സംഘടനകൾ:-

ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളെ കർത്താവിനായി ഒരുക്കി എടുക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കാൽവറി സ്ക്കൂൾ ഓഫ് ക്രൈസ്റ്റ് കഴിഞ്ഞ പതിനാറു വർഷങ്ങളായി അനുഗ്രഹിക്കപ്പെട്ട നിലയിൽ നടന്നു വരുന്നു..... ബ്രദർ ജോൺ ഫിലിപ്പോസ് ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുന്നു... LKG മുതൽ Grade 10 വരെയുള്ള ക്ലാസുകളിലായി നാൽപത്തെട്ടു വിദ്യാർത്ഥികൾ ദൈവവചനം പഠിച്ചുവരുന്നു. കാൽവറി യൂത്ത് ഫെലോഷിപ്പ് സഭയുടെ യുവജന സംഘടനയാണ്. യുവതിയുവാക്കളെ ആത്മീക മുഖ്യധാരയിൽ എത്തിക്കുന്നതിന് താലന്തുകളും സർഗ്ഗവാസനകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകി വരുന്നു.... സജി ഏബ്രഹാം സെക്രട്ടറിയായും അനിൽ കുമാർ ട്രഷാറായും ഉള്ള ഏഴംഗകമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽക്കുന്നു... കാൽവറി വുമൺസ് ഫെലോഷിപ്പു സഭയുടെ സജീവമായ സഹോദരിമാരുടെ പ്രവർത്തന മേഖലയാണ്.... വിവിധ വിഷയങ്ങൾക്കായുള്ള പ്രർത്ഥനയ്ക്കും ജീവികാരുണ്യ പ്രവർത്തനങ്ങൾക്കും ഉത്സഹത്തോടും പ്രവർത്തിക്കുന്നു.... ശോശാമ്മഫിലിപ്പ് സെക്രട്ടറിയായും ലീലാമ്മ മാത്യൂ ട്രഷററായുള്ള ഏഴംഗ കമ്മറ്റി പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.....

കയർ ടീം :-

ആത്മീയ ആരധനയ്ക്ക് നേതൃത്വം നൽകുവാൻ സമർപ്പിതരായ ഒരു പറ്റം ചെറുപ്പക്കാർ നയിക്കുന്ന ഒരു കയർ ടീം നമുക്കുണ്ട്.. നിശ്ചിത യൂണിഫോം അണിഞ്ഞു ആരാധനകളെ സജീവമാക്കുന്ന അവരെ ഞാൻ അഭിനന്ദിക്കുന്നു. ബ്രദർ സണ്ണി കോര കയർ ടീമിന് നേതൃത്വം നൽകുന്നു.

കൂട്ടായ്മകൾ;-

എല്ല വെള്ളിയാഴ്ച്ചയും രാവിലെ 9:30 മുതൽ 11:45 വരെ റൂവി പഴയമെയിൻ ഹാളിൽ വിശുദ്ധ സഭായോഗവും ബുധനാഴ്ച്ച വൈകിട്ട് 8.30 മുതൽ 10 വരെ റൂവി CSI ഹാളിലും വ്യഴാഴ്ച രാത്രി 9.15 മുതൽ 10.30 വരെ ഗാല സിമ്മർ ഹാളിലും യോഗങ്ങൾ നടന്നു വരുന്നു . എല്ലാവെള്ളിയാഴ്ചയും രാവിലെ 8.45 മുതൽ 9.30 വരെ സ്ക്കൂൾ ഓഫ് ക്രൈസ്റ്റും മാസാവസാന വെള്ളിയാഴ്ച്ച് 10.30 മുതൽ 11.40 വരെ യൂത്ത് ഫെലോഷിപ്പും, മാസാദ്യ ശനിയാഴ്ച്ച ഉപവാസ പ്രാർത്ഥന രാവിലെ 10.30 മുതൽ 1 മണിവരെ അനക്സ് ഹാളിലും നടന്നു വരുന്നു .....

മിഷൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾ:-

നമ്മുടെ സഭയുടെ ആരംഭകാലം മുതൽ സുവിശേഷീകരണ പ്രവർത്തനങ്ങളെ വിശേഷിച്ചു ഉത്തരേന്ത്യയുടെ സുവിശേഷീകരണത്തിനായി നാം ആവോളം സഹായിച്ച കർത്യദാസൻമാർ നിരവധിയാണ്. വിദ്യാഭ്യാസ സഹായം, വിവാഹ സഹായം, അർഹരായവർക്ക് ചികിത്സാ സഹായം, തുടങ്ങിയ നിരവധി ജീവ കാരുണ്യ പ്രവർത്തനങ്ങളും കഴിഞ്ഞ 25 വർഷങ്ങളായി ചെയ്യുവാൻ ദൈവം കൃപ ചെയ്തു കൊണ്ടിരിക്കുന്നു....

ഉപസംഹാരം:-

ഇത്രത്തോളം ജയോത്സവമായി നടത്തിയ ദൈവത്തിന് സകലമാനവും മഹത്വവും അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

എന്ന് സഭയ്ക്കു വേണ്ടി സെക്രട്ടറി

ആർ. മാത്യൂ

ഇരുപത്തഞ്ചും ബൈബിളും

Pr. Joseph Thomas

കാൽവറി ഫെലോഷിപ്പ് ചർച്ച് മരുഭൂമിയുടെ മണലാരണ്യത്തിൽ പിന്നിട്ട ഇരുപത്തഞ്ചു വർഷങ്ങളെ നന്ദിയോടെ ഓർത്ത് നടത്തിയ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്ന ഈ സന്ദർഭത്തിൽ വേദപുസ്തകത്തിലെ ഇരുപത്തഞ്ചുകളെക്കുറിച്ച് ചില ചിന്തകൾ...

സംഖ്യാ ശാസ്ത്രത്തിൽ പ്രാധാന്യം അർഹിക്കുന്ന സംഖ്യയാണ് ഇരുപത്തഞ്ച്. കൃപയെ പ്രതിനിധാനം ചെയ്യുന്ന അക്കമാണ് അഞ്ച്. അഞ്ച് അഞ്ചുകളുടെ സം യോഗം എന്ന അർത്ഥത്തിലാണ് ബൈബിൾ പഠിതാക്കൾ ഇരുപത്തഞ്ചിനെ കാണുന്നത്.

1. പുതിയ തുടക്കത്തിന്റെ ഇരുപത്തഞ്ച് (2രാജാ 18:2)

പതിറ്റാണ്ടുകളായ് പാപത്തിൽ ആണ്ടുകിടന്ന യഹൂദയുടെ സിംഹാസനത്തിൽ അവരോധിക്കപ്പെട്ട അനുഗ്രഹീത ഭരണാധിപനാണ് ഹിസ്കിയാവ്. ദാവീദിന്റെ കാൽചുവടുകളെ പിൻപറ്റി യഹോവയ്ക്ക് പ്രസാദകരമായത് ചെയ്ത ഭരണാധിപൻ. പൂജാഗിരികള നീക്കി, വിഗ്രഹസ്തംഭങ്ങളെ തകർത്ത് അശേരാ പ്രതിഷ്ഠയെ വെട്ടിമുറിച്ച്, മോശ ഉണ്ടാക്കിയ താമ്രസർപ്പത്തേയും ഉടച്ചുകളയാൻ ധൈര്യം കാട്ടിയ ഭരണാധിപൻ. തനിക്ക് മുൻപിലും പിൻപിലും ഉണ്ടായ സകല യഹൂദാരാജാക്കന്മാർ ആരും തന്നോട് തുല്യനായ് ഇല്ല എന്ന് (രാജ. 18:5) സാക്ഷ്യം പ്രാപിച്ച രാജാവ്. തന്റെ ഭരണാരംഭം ഇരുപത്തഞ്ചാം വയസ്സിലായിരുന്നു.

2. അധികാരത്തിന്റെ ഇരുപത്തഞ്ച് (1 രാജാ. 22:42)

യഹൂദയുടെ ഭരണത്തിന്റെ സുവർണ്ണനാളുകളായിരുന്നു യഹോശാഫാത്തിന്റെ ഭരണത്തിന്റെ ഇരുപത്തഞ്ചു വർഷങ്ങൾ. ആഹാബിന്റെയും ഇസബേലിന്റെയും ദുർഭരണം യിസ്രായേലിൽ കൊടികുത്തി വാഴുമ്പോൾ ബാലിന്റെ കള്ള പ്രവാചകന്മാരും അശേരാ പൂജാഗിരികളും ഒരു രാജ്യം മുഴുവൻ മലീമസമാക്കുമ്പോൾ ദാവീദിന്റെ സിംഹാസനത്തിൽ ആത്മീക ഉൾക്കാഴ്ച്ചയോടെ യഹൂദയുടെ നവീകരണത്തിനായി ശ്രമിച്ച രാജാവാണ് യഹോശാഫാത്ത്.

വലിയൊരു സൈന്യം തനിക്കെതിരായി യുദ്ധത്തിനായ് കടൽക്കരയിലെ മണലുപോലെ നിരന്നപ്പോൾ പട്ടാളത്തെ സജ്ജമാക്കാതെ, യുദ്ധോപകരണങ്ങൾ ഒരുക്കാതെ ഉപവാസത്തിന് ആഹ്വാനം ചെയ്ത ആത്മീകൻ. (2ദിന 20:3) സംഗീതക്കാരുടെ അകമ്പടിയോടെ സൈന്യത്തിന്റെ മുൻപിൽ നടന്ന് സ്തുതിച്ചാരാധിക്കുന്ന ഭക്തൻ. (2ദിന 20:22) അന്നുവരെ അന്യമായിരുന്ന യുദ്ധരീതി, ഒരായുധവും എടുക്കാതെ ശത്രു മുഴുവനും പരാജയപ്പെട്ടു. പ്രസ്തുത യുദ്ധവിജയം, ദൈവം നേരിട്ടിറങ്ങി യുദ്ധം ചെയ്തു എന്ന വാർത്ത ചുറ്റുമുള്ള സകല ദേശങ്ങളിലും ഭീതിയായ്മാറുകയും, യഹോശാഫാത്തിന്റെ ഇരുപത്തഞ്ചു വർഷം യഹൂദയുടെ സമാധാന കാലമായി മാറുകയും ചെയ്തു.

3. അടിമത്വത്തിന്റെ ഇരുപത്തഞ്ച് (യെഹ: 40:1)

ദൈവത്തിന്റെ സ്വന്തം ജനമായ യഹൂദന്റെ ചരിത്രത്തിലെ കണ്ണുനീരിൽ കുതിർന്ന കാലഘട്ടമാണ് അവരുടെ പ്രവാസത്തിന്റെ 70 വർഷങ്ങൾ. ദൈവത്തിൽ നിന്ന് അകലുകയും ദൈവീക മുന്നറിയിപ്പുകളെ അവഗണിക്കുകയും ചെയ്തതിന്റെ പരിണിതഫലമായി കണ്ണുനീരിന്റെ പ്രവാചകനായ യിരമ്യാവിന്റെ പ്രവചനങ്ങളുടെ നിവിർത്തി എന്നപോലെ ചക്രവർത്തിയായ നെബുഖദ്നേസർ യറൂശലേം പിടിച്ചു. രാജാവിനെ ബന്ധിച്ചു. ജനങ്ങളെ അടിമകളാക്കി, ദേവാലയം തകർത്തു കളയുകയും ചെയ്തു.

പ്രവാസത്തിന്റെ കൈപ്പിലും അടിമത്വത്തിന്റെ അഗ്നിശോധനകളിലും നക്ഷത്രശോഭയോടെ വിളങ്ങുന്ന ഭക്തശ്രേഷ്ടരാണ് പ്രവാചകരായ യെഹസ്കേലും, ദാനിയേലും; വർത്തമാന കാല വേദനകളുടെ നടുവിലും ഭാവികാല അനുഗ്രഹങ്ങൾ വെളിപ്പാടിൽ പറഞ്ഞ വിശ്വാസ വീരന്മാർ. പ്രവാസത്തിന്റെ ഇരുപത്തഞ്ചാം വർഷം യെഹസ്കേൽ ആത്മനിയുക്തനായി സഹസ്രാബ്ദ രാജ്യത്തിലെ യിസ്രായേലിനേയും, സഹസ്രാബ്ദ ദേവാലയവും, ദർശിക്കുന്ന ദർശനങ്ങൾ ബൈബിൾ രാഷ്ട്രീയ പ്രവചനങ്ങളിൽ അതുല്യസ്ഥാനം അലങ്കരിക്കുന്നവയാണ്.

4. വാഗ്ദത്ത നിവർത്തിയുടെഇരുപത്തഞ്ച്: (ഉൽപത്തി 21:1)

വിഗ്രഹാരാധനയിൽ ആണ്ടു കിടന്ന കൽദയ പട്ടണമായ ഊരിൽ നിന്ന് തേജോമയനായ ദൈവം പ്രത്യക്ഷപ്പെട്ട് ദേശവും ഭവനവും വിട്ട് ഇറങ്ങുവാൻ അബ്രഹാമിനോട് ആവശ്യപ്പെടുമ്പോൾ തലമുറയും അനുഗ്രഹങ്ങളും ദൈവീക വാഗ്ദത്തമായിരുന്നു.എന്നാൽ പ്രസ്തുത വാഗ്ദത്തിന്റെ നിവർത്തിക്കുവേണ്ടി അബ്രഹാം കാത്തിരിക്കേണ്ടിവന്നത് സുദീർഘമായ 25 വർഷങ്ങളായിരുന്നു. പ്രായം മൃതാവസ്ഥയിൽ എത്തിയിട്ടും, തന്റെ ഭാര്യ നിർജ്ജീവാവസ്ഥയിൽ എത്തിയിട്ടും ആശയ്ക്ക് വിരോധമായി ആശയോടെ കാത്തിരുന്ന അബ്രഹാം വാഗ്ദത്ത നിവർത്തി പ്രാപിച്ച് യിസഹാക്കിന് ജന്മം നൽകി.

5. സിംഹാസനങ്ങൾ ഇരുപത്തഞ്ച്: (വെളി.4:4)

പത്മോസിലെ പാറക്കെട്ടുകളുടെ നടുവിൽ നിന്ന് ദിവ്യദർശനങ്ങളെ വെളിപ്പാടിൽ കാണുന്ന യോഹന്നാൻ വെളിപാട് നാലാം അദ്ധ്യായത്തിൽ സ്വർഗ്ഗീയ സദസ്സ് കാണുന്നു. സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യനായ സ്വർഗ്ഗീയ പിതാവ് ഉപവിഷ്ടനായ സിംഹാസനത്തിനു ചുറ്റും പൊൻകിരീടധാരികളായി വെള്ളയുടുപ്പു ധരിച്ച ഇരുപത്തിനാലു മൂപ്പന്മാർ ഇരിക്കുന്ന ഇരുപത്തിനാല് സിംഹാസനങ്ങൾ.

അങ്ങനെ ആകെ ഇരുപത്തഞ്ച് സിംഹാസനങ്ങൾ.

"Praise the Lord"

ദൈവം പ്രസാദിക്കുന്ന ഐക്യത

Pastor K G Josephkutty,
Calvary Fellowship Mission Co-Ordinator

ഈ പ്രപഞ്ചത്തിൽ ദൈവം ചിലത് ചെയ്യുവാൻ ആഗ്രഹിക്കുന്നു. അതിന് കൈപണിയായ യാതൊന്നും ദൈവത്തിനാവശ്യമില്ല. കൈപ്പണി ആയതിൽ ദൈവം വസിക്കുന്നില്ല, ലോകവും അതിലുള്ള ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപണിയായതിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവനെന്നപോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടാത്തവൻ. അനന്തരം ദൈവം, നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക, ഏകസത്യദൈവത്തിൽ തന്നെ പിതാവും പുത്രനും പരിശുദ്ധാത്മാവും ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്, അവർ ഒരുമിച്ച് ഇറങ്ങിവന്ന് മനുഷ്യനെ സൃഷ്ടിച്ചു. അവർ വാഴട്ടെ എന്ന് കൽപ്പിച്ചു, മനുഷ്യന്റെ ഉള്ളിൽ മനുഷ്യാത്മാവിനെ നിർമ്മിച്ച് ആക്കി എന്ന് സംഖ്യാ 12:1 ൽ കാണുന്നു , എന്തിന്? ഭൂമിയിൽ എങ്ങും ദൈവത്തിന് കൂടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നും മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി. പക്ഷേ മനുഷ്യൻ പാപം ചെയ്തപ്പോൾ മനുഷ്യാത്മാവിൽ മരണം സംഭവിച്ചു.. ഏകന്റെ ലംഘനത്തൽ സകല മനുഷ്യരും മരിക്കപ്പെട്ടു.... ആത്മീയ മരണം സംഭവിച്ചു.. യേശുവിനെ കർത്താവും ദൈവവുമായി അംഗീകരിക്കുമ്പോൾ പാപത്താൽ മരിച്ച മനുഷ്യ ആത്മാവിനെ അവൻ ജീവിപ്പിക്കുന്നു. അത് എങ്ങനെ സംഭവിക്കും? നിക്കോദിമോസിനുപോലും അത് മനസ്സിലായില്ല,, ഇനിയും അമ്മയുടെ ഉദരത്തിൽ കടന്നു ഒന്നുകൂടി ജനിക്കാമോ? യേശു പറഞ്ഞു, വെള്ളത്താലും ആത്മാവിനാലും ജനിക്കണം.. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു.. ആത്മാവിനാൽ ജനിക്കണം. കാരണം മനുഷ്യ ആത്മാവ് മരിക്കപ്പെട്ടു. ആഗ്രഹിക്കുന്നവന്റെ ഉള്ളിൽ യേശു വരും. മരിച്ച ആത്മാവിനെ വിടുവിക്കും, ആത്മാവിനാൽ ജനിക്കണം, കാരണം മനുഷ്യ ആത്മാവ് മരിക്കപ്പെട്ടു. ആഗ്രഹിക്കുന്നവന്റെ ഉള്ളിൽ യേശു വരും, വീണ്ടും ജനിക്കാതെ ആർക്കും ദൈവരാജ്യത്തിൽ കടപ്പാൻ കഴിയുകയില്ല. ജഡിക ജനനം സത്യമാണെങ്കിൽ ആത്മീയ ജനനവും സത്യമാണ്..

മറിയയുടെ മേൽ ദൈവാത്മാവ് വന്നപ്പോൾ അവൾ ഗർഭിണിയായി. യേശുവിന്റെ ഉയർപ്പിനു ശേഷം അടച്ചിട്ട മുറിയിൽ കർത്താവു പ്രവേശിച്ചു. ഇതു രണ്ടും സത്യമാകുന്നതുപോലെ മൂന്നാമത് രക്ഷയ്ക്കായി കാംക്ഷിക്കുന്നവന്റെ ഉള്ളിലും കർത്താവായ യേശുക്രിസ്തു പ്രവേശിക്കും.. വീണ്ടും ജനനം തമാശ അല്ല. മദ്യപാനവും, പുകവലിയും, വ്യഭിചാരവും നിർത്തുമ്പോൾ അല്ല വീണ്ടും ജനനം നടക്കുന്നത്. യേശു ഉള്ളിൽ വരുമ്പോൾ വീണ്ടും ജനനം നടക്കുന്നു, അപ്പോൾ മനുഷ്യന്റെ സ്വഭാവം മാറുന്നു, ജീവിത രീതി മാറുന്നു, പുതിയ സൃഷ്ടി ആക്കപ്പെടുന്നു. പുതിയ ഹൃദയം ലഭിക്കുന്നു , പഴയത് കഴിഞ്ഞു പോയി... അപ്പോൾ ക്രിസ്തുവിൽ ഒരുവനായി മാറ്റപ്പെടുന്നു.. ഇങ്ങനെ ഉള്ളവനിൽ ദൈവം കുടിയിരിപ്പാൻ ആഗ്രഹിക്കുന്നു, ക്രിസ്തുവിൽ എല്ലാം പിന്നെ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു.. ദൈവം എപ്പോളും ഐക്യതയാണ് ആഗ്രഹിക്കുന്നത്, ന്യായാധിപന്മാരുടെ പുസ്തകം 7ം അദ്ധ്യായത്തിൽ യിസ്രായേൽ ജനം മിദ്യാന്യരോട് യുദ്ധം ചെയ്ത് വിജയിപ്പാനിടയായി. യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനം യെരിഹോ പട്ടണം പിടിപ്പാൻ പോകുമ്പോൾ ജനം ഐക്യതയോട് ആർപ്പിട്ടപ്പോൾ മതിൽ ഇടിഞ്ഞു വീണു . നെഹമ്യാവും കൂട്ടരും ഒരുമിച്ച് യെരുശലേം ദേവാലയത്തിന്റെ മതിൽ പണിതു. അതല്ലാതെ ഐക്യമുണ്ടായാൽ അത് ദൈവകോപത്തിന് കാരണമാകും .. ഏദൻ തോട്ടത്തിൽ സാത്താന്റെ വാക്കിന് അവർ ഐക്യമത്യപ്പെട്ടതുകൊണ്ട് തോട്ടത്തിൽ നിന്നും പുറത്തായി.. സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോപുരം പണിയുവാൻ ജനം ഐക്യമത്യപ്പെട്ടപ്പോൾ ദൈവം ഭാഷ കലക്കി.. യേശു ക്രിസ്തു കൽപ്പിച്ചു നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും ദൈവത്തിന്റെ സാക്ഷ്യവുമായി പോവുക എന്നതാണ് ദൈവത്തിന്റെ പദ്ധതി, മനുഷ്യൻ അതിനെ തിരിച്ചാക്കി വരുവിൻ, കേൾപ്പീൻ, സമൃദ്ധിയായി അനുഗ്രഹം പ്രാപിപ്പീൻ. പരിശുദ്ധാത്മാവ് വന്നപോൾ ശിഷ്യന്മാർ ശക്തി പ്രാപിച്ചു.. പോകുന്നതിനു പകരം ജനം സകലതും വിറ്റ് അപ്പോസ്തോലന്മാരുടെ കാൽക്കൽ കൊണ്ട് വന്ന് പൊതുവകയെന്ന് എണ്ണി. സഭയ്ക്ക് വലിയ ഉപദ്രവം നേരിട്ടു . ചിതറിപ്പോയവർ അവിടവിടെ വചനം സുവിശേഷിച്ചു. ദൈവ ഇഷ്ടപ്രകാരമുള്ള ഐക്യതയിലും കൂടിവരവുകളിലും മാത്രമേ ദൈവം പ്രസാദിക്കുകയുള്ളു... ഒന്നാകുക, ഒരുമിക്കുക ഒരുമനപ്പെടുക, ഒരുപോലെ കാണുക, സ്നേഹിക്കുക, ഒരു അപ്പന്റെ മക്കൾ ഒന്നിച്ചുനിൽക്കുക എന്ന ചിന്തയോടെ കഴിഞ്ഞ 25 വർഷം മുമ്പ് മസ്കറ്റ് കാൽവറി സഭയും പ്രസ്ഥാനവും ദൈവത്താൽ സ്ഥാപിതമായി. നിരാശയിൽ ആണ്ടുപോയവർ, നിത്യതയെക്കുറിച്ച് ബോധമില്ലാത്തവർ, നിത്യ നരകത്തിന് യോഗ്യരായവർ, രോഗികൾ ഇങ്ങനെ നിരവധി ജീവിതങ്ങൾ ഈ സഭയും പ്രസ്ഥാനവും വഴി വീണ്ടും ജനനം പ്രാപിച്ച് ദൈവരാജ്യത്തിന് അവകാശികൾ ആയിത്തീർന്നു, കർത്താവ് തന്റെ വരവ് വരെ ഈ സഭയെ ശക്തമായി നിലനിർത്തട്ടെ.. ഈ പ്രസ്ഥാനത്തിന്റെ പ്രാരംഭം മുതൽ ഇതിന്റെ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിപ്പാൻ എനിക്കും കുടുബത്തിനും ദൈവം തുണ നൽകി. കഴിഞ്ഞ 35 വർഷമായി ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ കർത്താവ് ഭരമേൽപ്പിച്ച ദൗത്യം നിർവ്വഹിക്കുവാനും വിവിധ സ്ഥല-സഭകൾ സ്ഥാപിക്കുവാനും കർത്താവ് ഏഴയെ ഉപയോഗിച്ചു. ഈ കാലയളവിൽ ചില നാളുകൾ മസ്കറ്റ് കാൽവറി ഫെലോഷിപ്പിൽ ആയിരുന്നത് സ്മരണീയമാ ണ്.. നമ്മുടെ ദൗത്യം നഷ്ടപ്പെടുത്താതെ മുന്നേറാം.

Pastor K G Josephkutty,



There are not many staircases that reach up to heaven. Religion and good works will not get you to heaven. Making many sacrifices and much suffering will not get you heaven. Education will not make a way to heaven. God has made the way for you to get to heaven. If you believe in God's son "Jesus Christ" you will go to heaven, when you die.

By Br. Joy Cherian

കാൽവറി ഫെലോഷിപ്പ് ചർച്ച് മസ്കറ്റ് ചരിത്ര വഴികളിലൂടെ...

Br. Jacob John

ഇന്നലെകളിലെ സംഭവങ്ങൾ ഇന്നിന്റെ ചരിത്രങ്ങളാണ്. ഇന്നത്തെ സംഭവങ്ങൾ നാളെകളിലെ ചരിത്രങ്ങളായിമാറുന്നു. കാൽവറി ഫെലോഷിപ്പ് ചർച്ച് മസ്കറ്റിന്റെ ചരിത്രനാളുകളിലൂടെ ഒരു യാത്ര...

സ്വന്തക്കാരെയും ചാർച്ചക്കാരെയും പ്രകൃതിരമണീയമായ നാടും നാട്ടുകാരെയും വിട്ട് ഉപജീവന മാർഗ്ഗം തേടി മസ്കറ്റിൽ കടന്നുവന്ന ഇതര സാമുദായിക സഭകളിൽ ആരാധിച്ചു വന്നിരുന്ന ആത്മീക തൽപരരായ ഒരു കൂട്ടം സഹോദരന്മാർ ചേർന്ന് Wattayah Prayer Group എന്ന പേരിൽ ഒരു പ്രാർത്ഥനാ കൂട്ടായ്മ തുടങ്ങുകയുണ്ടായി. 1988ൽ നാട്ടിൽ നിന്നും കടന്നു വന്ന ചില ദൈവദാസന്മാർ മാസങ്ങളോളം ഈ കൂട്ടായ്മയിൽ ബൈബിൾ ക്ലാസ്സുകൾ നടത്തിയതിന്റെ ഫലമായി മറഞ്ഞിരുന്ന വചനത്തിന്റെ മർമ്മങ്ങൾ ദൈവദാസന്മാരിലൂടെ ദൈവം വെളിപ്പെടുത്തിയപ്പോൾ വന്നിരുന്നവരിൽ 40തോളം പേർ വിശ്വാസസ്നാനം സ്വീകരിപ്പാൻ ഇടയായി. അതിൽ 5 പേർ ഒഴികെ ബാക്കിയുള്ളവർ അവരവരുടെ സഭകളിൽ തന്നെ തുടരുവാൻ തീരുമാനിച്ചു. എന്നാൽ അവർ 5 പേരിൽ പുറമറ്റം സ്വദേശിയായ സി.കെ. ജോസഫ്, ചെറിയാൻ മാത്യു, മല്ലപ്പള്ളി, എ.പി. ജോൺസൺ പുല്ലാട്, കെ.എ തോമസ് പുന്നക്കാട്, വർഗ്ഗിസ് കെ. മാത്യു പുതുശ്ശേരി, എന്നീ സഹോദരന്മാർ സ്നാനവും വേർപെട്ടാരാധനയും, വിശുദ്ധിയും വചന സത്യങ്ങളാണന്ന് മനസ്സിലായപ്പോൾ അവർ എടുത്ത തീരുമാനത്തിൽ ഉറച്ച് നിൽക്കുകയും അതിൻ പ്രകാരം അവരുടെ വീടുകളിൽ ഒരുമിച്ചു പ്രാർത്ഥനാ കൂട്ടായ്മ നടത്തികൊണ്ടിരുന്നു.

1990-ൽ കാൽവറി ഫെലോഷിപ്പ് മിനിസ്ട്രീസിന്റെ പ്രസിഡണ്ടായിരിക്കുന്ന പാസ്റ്റർ ജയിംസ് ഏബ്രഹാം ഒമാൻ സന്ദർശിച്ചപ്പോൾ ഈ സഹോദരന്മാരെ പരിചയപ്പെടുകയും അവരുടെ ആത്മീക തീഷ്ണതയും താൽപ്പര്യവും കണ്ടപ്പോൾ 1990 മെയ് മാസം 13ാം തീയതി ഈ 5 സഹോദരന്മാർ പാസ്റ്റർ ജയിംസ് ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ബ്ര. ചെറിയാൻ മാത്യു അന്ന് താമസിച്ചുകൊണ്ടിരുന്ന ഇന്നത്തെ കാൽവറി പാഴ്സണേജിൽ കൂടിവരുകയും അവർ ഒന്നിച്ച് പ്രാർത്ഥിച്ച് കാൽവറി ഫെലോഷിപ്പ് ചർച്ച് എന്ന പേരിൽ ഈ പ്രാദേശിക സഭയ്ക്ക് രൂപം നൽകി. തുടർന്ന് ബ്ര. സി.കെ. ജോസഫിനെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതിനും, ഭൗതീകവിഷയങ്ങളുടെ നടത്തിപ്പിനായി ബ്ര. വർഗ്ഗിസ് കെ. മാത്യുവിനേയും പ്രാർത്ഥിച്ച് ഭരമേൽപ്പിച്ചു.

തുടർന്ന് പാസ്റ്റർ ജയിംസ് ഏബ്രഹാം നടത്തിയ വചനപ്രഭാഷണങ്ങൾ, സിസ്റ്റർ ഏലിയാമ്മ വർഗ്ഗീസും ബ്ര. കെ.സി. മാത്യുവും സ്നാനപ്പെട്ട് ദൈവസഭയോടു ചേരുവാൻ ഇടയാക്കി. ആ കാലങ്ങളിൽ നാട്ടിൽ നിന്നെത്തിയ പാസ്റ്റർ ഗോപിനാഥൻ, പാസ്റ്റർ ഡി.സി. സാമുവേൽ എന്നീ ദൈവദാസന്മാരുടെ വചന ശുശ്രൂഷകൾ സഭക്ക് വളരെ അനുഗ്രഹമായിത്തീർന്നു. പ്രത്യേകിച്ച് പാസ്റ്റർ ഡി.സി. സാമുവേലിന്റെ വചന ശുശ്രൂഷകൾ സഭയുടെ വളർച്ചക്കും, വിശ്വാസത്തിലും, അടിസ്ഥാന ഉപദേശങ്ങളിലും സഭാവിശ്വാസികളെ ഉറപ്പിക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചത്.

സഭാ വിശ്വാസികളുടെ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെയും, പ്രാർത്ഥനയുടെയും ഫലമായി എല്ലാ മാസങ്ങളിലും പുതുതായി സഹോദരീ സഹോദരന്മാർ സഭയിൽ കടന്നു വരുകയും സ്നാനപ്പെട്ട് ദൈവ സഭയോട് ചേരുകയും ചെയ്തുകൊണ്ടിരുന്നു.

1990 മുതൽ 1994 വരെ സഭാശുശ്രൂഷകനായിരുന്ന പാസ്റ്റർ സി.കെ. ജോസഫിന്റെ നേതൃത്വത്തിൽ പാഴ്സണേജ് ഹാളിലായിരുന്നു സഭായോഗം നടന്നുവന്നിരുന്നത്. യോഗത്തിന് ശേഷം എല്ലാവർക്കും ഭക്ഷണം നൽകിയിരുന്നു.

1993-ൽ കാൽവറി യൂത്ത് ഫെലോഷിപ്പിന് ആരംഭം കുറിച്ചു. പാസ്റ്റർ സി കെ ജോസഫ് പൂർണ്ണ സമയ സുവിശേഷ വേലക്കായി ഒമാനിലെ ജോലി രാജിവെച്ച് നാട്ടിൽ കടന്നു പോകാൻ തീരുമാനിച്ചപ്പോൾ കാൽവറി സഭ അദ്ദേഹത്തിന് ഊഷ്മളമായ യാത്രയയപ്പ് നൽകി അയച്ചു.

അതിനു ശേഷം നാട്ടിൽ നിന്നും പാസ്റ്റർ കെ ഇ മാത്യു സഭാശുശ്രൂഷകനായി കടന്നു വന്നു. ഈ കാലയളവിൽ പാഴ്സണേജ് ഹാളിൽ ഉൾക്കൊള്ളാവുന്നതിലും അധികം വിശ്വാസികളെ കൊണ്ട് നിറഞ്ഞിരുന്നു. ഒരു വിശാലതയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ഫലമായി, പിസിഒ യുടെ സഹായത്തോടെ മസ്കറ്റ് അൽ അമാനാ സെൻററിലേക്ക് ആരാധനമാറ്റുവാൻ ദൈവം സഹായിച്ചു. അപ്പോൾ സഭാ സെക്രട്ടറിയായിരുന്ന ബ്ര. പി എം മാത്യു നാട്ടിൽ കടന്നുപോയപ്പോൾ പുനയിൽ വച്ചുണ്ടായ ഒരു വാഹന അപകടത്തിൽ മരണമടഞ്ഞു. ദൈവ സഭയ്ക്ക് ഏറെ ദുഃഖമുണ്ടാക്കിയ ഒരു സംഭവമായിരുന്നു അത്.

പാസ്റ്റർ കെ ഇ മാത്യു 3 വർഷത്തെ കാലാവധി പൂർത്തിയാക്കി നാട്ടിലേക്ക് മടങ്ങിപ്പോയി. തുടർന്ന് ബോബെയിൽ നിന്നും പാസ്റ്റർ ഗ്ലാൻസി എം വർഗ്ഗീസ് വന്ന് സഭയുടെ ചാർജ്ജ് ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ശുശ്രൂഷാകാലയളവിൽ കാൽവറി സൺഡേസ്ക്കൂളിനും കാൽവറി വുമൺസ് ഫെലോഷിപ്പിനും ആരംഭം കുറിച്ചതോടൊപ്പം അത്ര ശക്തമല്ലാതിരുന്ന യൂത്ത് ഫെലോഷിപ്പിനെ ശക്തമായ ഒരു സംഘടനയായി വളർത്തിയെടുക്കാനും കഴിഞ്ഞു. കൂടാതെ പിസിഒയുടെ പ്രീസ്റ്റ് വിസാ ലഭിക്കുന്ന ആദ്യത്തെ മലയാളം പെന്തക്കോസ്ത് ചർച്ചായി മാറിയതും ഈ കാലത്തായിരുന്നു.

സഭയുടെ വിശാലതയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ മസ്കറ്റിൽ നിന്നും റുവി അനക്സ് ഹാളിലേക്ക് മാറുവാനും പിസിഒ മൂലം ദൈവം സഹായിച്ചു. 2001ൽ പാസ്റ്റർ ഗ്ലാൻസി വർഗ്ഗീസ് നാട്ടിലേക്ക് മടങ്ങിപ്പോയി. ഒരു സഭാശുശ്രൂഷകനെന്ന നിലയിലെ സേവനം സഭക്ക് വലിയ മുതൽ കൂട്ടായിരുന്നു. അദ്ദേഹത്തിന് ദൈവ സഭ അനുഗ്രഹിക്കപ്പെട്ട യാത്രയയപ്പ് നൽകി.

തുടർന്ന് 2001ൽ റാന്നി, കീക്കൊഴൂരുള്ള പാസ്റ്റർ ജോസഫ് വർഗ്ഗീസ് കടന്നു വന്ന് അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾക്ക് ശേഷം 2003ൽ നാട്ടിലേക്ക് മടങ്ങിപ്പോയി. ഈ കാലയളവിലൽ നടത്തപ്പെട്ട കൺവൻഷനിലെ പാസ്റ്റർ ലാസർ വി മാത്യുവിന്റെ പ്രസംഗം സഭക്ക് വളരെ പ്രയോജനമുള്ളതായിരുന്നു.

പുതിയ പാസ്റ്റർ കടന്നുവരുന്നതുവരെ വൈസ് പ്രസിഡൻറായിരുന്ന ബ്ര. കെ എ തോമസ് മീറ്റിംഗുകൾക്ക് നേതൃത്വം നൽകി കൊണ്ടിരുന്നു.

2004ൽ വയനാട്ടിൽ നിന്നും പാസ്റ്റർ സി ഡി തോമസ് കടന്നു വന്നു. അദ്ദേഹത്തിന്റെ ബൈബിൾ കോളേജ് അദ്ധ്യാപനത്തിന്റെ പരിചയവും കൂടാതെ കർത്താവിന്റെ രണ്ടാമത്തെ വരവിനേക്കുറിച്ചുള്ള പഠന ക്ലാസ്സുകളും വളരെയേറെ പ്രയോജനം ചെയ്യുന്നവയായിരുന്നു.

ഈ കാലയളവിൽ 2 കൺവൻഷനുകൾ നടത്തപ്പെടുകയുണ്ടായി. 2005 ലെ പാസ്റ്റർ ജോൺസൺ ജോർജ്ജിന്റെ വചന ശുശ്രൂഷയും പാസ്റ്റർ സാംസൺ കോട്ടൂരിന്റെ സംഗീത വിരുന്നും ദൈവസഭക്ക് മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. 2008 ൽ നടന്ന കണവൻഷനിൽ പാസ്റ്റർ ജയിംസ് ഏബ്രഹാമും, പാസ്റ്റർ കെ എ ഏബ്രഹാമും ആയിരുന്നു പ്രാസംഗികർ. CANADAൽ നിന്നുള്ള പാസ്റ്റർ കുന്നേൽ ജേക്കബ് വർഷിപ്പിന് നേതൃത്വം നൽകി. അന്ന് പങ്കെടുത്ത എല്ലാവർക്കും ഒരു പുത്തൻ ഉണർവ്വ് പകരാൻ കൺവൻഷൻ കാരണമായിത്തീർന്നു.

ഈ സമയത്ത് കാൽ വറി ഫെലോഷിപ്പ് മിനിസ്ട്രീസിന്റെ ബോർഡ് മെംബർ കൂടിയായ പാസ്റ്റർ ജോസഫ്കുട്ടി ജോലിയോടുള്ള ബന്ധത്തിൽ മസകറ്റിൽ കടന്നു വരുകയും സഭയോടു ചേർന്ന് പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. 2009 ൽ നാട്ടിലേക്ക് മടങ്ങിപ്പോയ പാസ്റ്റർ സി ഡി തോമസിന് ദൈവസഭ അനുഗ്രഹിക്കപ്പെട്ട യാത്രയയപ്പ് നൽകി അയച്ചു.

പുതിയ പാസ്റ്റർ വരുന്നതുവരെയുള്ള സമയങ്ങളിൽ സെക്രട്ടറിയായിരുന്ന ബ്ര. സ്റ്റാൻലി ഡാനിയേൽ മീറ്റിംഗുകൾക്ക് നേതൃത്വം നൽകികൊണ്ടിരുന്നു.

2009 ഒക്ടോബറിൽ ബോംബെയിൽ നിന്നും വന്ന പാസ്റ്റർ രാജു തോമസ് സഭാ ശുശ്രൂഷകനായി സ്ഥാനമേറ്റു. ആ കാലയളവിൽ നടത്തപ്പെട്ട കൺവൻഷനിൽ പാസ്റ്റർ സാജു മാത്യുവിന്റെ വചന ശൂശ്രൂഷയും പാസ്റ്റർ ഭക്ത്തവത്സലന്റെ പഴയഗാനങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള സംഗീത വിരുന്നും ഏറെ അനുഗ്രഹമായിരുന്നു.

കാൽവറി സഭയുടെ ഒരു ബ്രാഞ്ച് Nizwaയിൽ ബ്ര. സാബിൻ തോമസിന്റെ നേതൃത്വത്തിൽ തുടങ്ങുവാൻ ദൈവം സഹായിച്ചു. 2012 ജൂണിൽ പാസ്റ്ററും കുടുംബവും നാട്ടിലേക്ക് മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ ശുശ്രൂഷയും ദൈവസഭക്ക് അനുഗ്രഹമായിരുന്നു. തുടർന്ന് പുതിയ പാസ്റ്റർ വരുന്നതുവരെ സെക്രട്ടറിയായിരുന്ന ബ്ര. സണ്ണി ടി ചെറിയാൻ മീറ്റിംഗുകൾ ലീഡ് ചെയ്തുകൊണ്ടിരുന്നു.

അതിനു ശേഷം കേരളത്തിലെ IPC, Church of God, Assemblies of God, Sharon തുടങ്ങിയ സഭകളിൽ നിന്നും 2 വർഷത്തേക്ക് കൊണ്ടുവരണമെന്നുള്ള കാൽവറി പൊതുസഭയുടെ തീരുമാന പ്രകാരം IPC യുടെ സഭാ ശുശ്രൂഷകനും കൺവൻഷൻ പ്രാസംഗികനുമായ പാസ്റ്റർ ജോസഫ് തോമസ് 2013 ജനുവരിയിൽ കടന്നുവന്നു. തുടർന്ന് നടത്തിയ 3 ദിവസത്തെ കൺവൻഷനിലെ അദ്ദേഹത്തിന്റെ വചന പ്രഭാഷണം വളരെ അനുഗ്രഹമായിരുന്നു. 2014 January മാസത്തിൽ കാൽവറി സ്ക്കൂൾ ഓഫ് ക്രൈസ്റ്റിന്റെ 15മത് വാർഷികവും കുട്ടികളുടെ വിവിധ പരിപാടികളോടെ നടത്തുവാൻ ദൈവം സഹായിച്ചു.

ദൈവസഭ പ്രാർത്ഥിച്ചപ്രകാരം 2014 March മാസത്തിൽ സഭാ ആരാധന Ruwi Main Hall ലേക്ക് മാറ്റികൊണ്ട് ദൈവം സഭക്ക് കുറെക്കൂടി വിശാലത വരുത്തി. പാസ്റ്റർ ജോസഫ് തോമസ് കുടുംബമായി പാർത്തുകൊണ്ട് സഭക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

കാൽവറി ഫെലോഷിപ്പ് ചർച്ച് അതിന്റെ 25ം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഈ സഭയുടെ ആരംഭനാൾ മുതൽ ഇന്നു വരെ വളരെ ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചവർ, പ്രവർത്തിച്ചവർ, സഹായിച്ചവർ, ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയവർ സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ ഒത്തൊരുമിച്ച്, കൈയ്യോടു കൈ ചേർത്ത് പിടിച്ച് പ്രാർത്ഥിച്ചവർ, കാലാകാലങ്ങളിൽ ദൈവത്താൽ അയക്കപ്പെട്ട് വചനം ശുശ്രൂഷിച്ച ദൈവദാസന്മാർ, എല്ലാവരെയും ഈ സമയത്ത് ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഈ സഭയുടെ അംഗങ്ങളായിരുന്ന പലരും ഇപ്പോൾ വിവിധ രാജ്യങ്ങളിലായിരിക്കുന്നു. ചിലർ നിത്യതയിൽ വിശ്രമിക്കുന്നു.

ജീവിതത്തിന്റെ എല്ലാവഴികളും അടഞ്ഞ് മുൻപോട്ട് പോകുവാൻ കഴിയാതെ പകച്ചുനിന്ന ചില കുടുംബങ്ങൾക്ക് ആത്മീകവും, ഭൗതീകവുമായ കൈത്താങ്ങലുകൾ നൽകി സഭയോട് ചേർത്തു നിർത്തുവാൻ ദൈവ സഭക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജീവകാരുണ്യപ്രവർത്തനങ്ങിൽ അന്നും ഇന്നും സഭ കാണിച്ചിട്ടുള്ള താൽപര്യം വിലമതിക്കാനാവാത്തതാണ്. അതോടൊപ്പം തന്നെ വിശുദ്ധിയിലും വേർപാടിലും വചന അടിസ്ഥാനത്തിലും ഈ സഭയെ നില നിർത്തുന്നതിൽ കാലാ കാലങ്ങളിൽ കടന്ന് വന്ന് ശുശ്രൂഷിച്ച ദൈവദാസന്മാരും സഭാ വിശ്വാസികളും കാണിച്ച സമർപ്പണവും അർപ്പണമനോഭാവവും ഏറെ പ്രശംസനീയം തന്നെ.

ചെറിയ ഒരു പ്രാർത്ഥനാ കൂട്ടമായി ആരംഭിച്ച് ഇന്ന് 200ൽ അധികം ദൈവമക്കൾ ആരാധിക്കുന്ന ദൈവസഭയായി വളർത്തിയ സർവ്വശക്ത്തനും സഭയുടെ നാഥനുമായ കർത്താവിനെ സ്തുതിക്കുന്നു. കാൽവറി ദൈവസഭയെ ഇനിയും വിശാലതയിൽ നിന്ന് വിശാലതയിലേക്ക് വളർത്തട്ടെ. പാതാള ഗോപുരങ്ങളുടെ ശക്തിയെ തകർത്ത് കൊണ്ട് സഭ മുന്നേറട്ടെ. അനേകരെ ഇനിയും നിത്യതയിലേക്ക് ഒരുക്കേണ്ടതിന് സർവ്വകൃപാലുവായ കർത്താവ് കൃപ നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ ദൈവസഭയുടെ ചരിത്രരേഖക്ക് അർദ്ധവിരാമം കുറിക്കുന്നു...

Br. Jacob John

Felicitation Message

Pr. Y. Georgekutty
Mumbai

ദൈവീക ദർശനത്തിനനുസരിച്ച് പാസ്റ്റർ ജെയിംസ് എബ്രഹാമിൽകൂടി ആരംഭിച്ച് 25 വർഷം പൂർത്തിയാക്കുവാൻ കാൽവറി ദൈവസഭക്ക് ദൈവം കൃപ നൽകിയതിൽ വളരെ സന്തോഷിക്കുകയും സർവ്വശക്തന് സ്തോത്രം കരേറ്റുകയും ചെയ്യുന്നു..

ദൈവസഭയുടെ ആരംഭം മുതൽ കാൽവറി കുരിശിലൂടെ ചൊരിഞ്ഞ സമൃദ്ധിയായ സ്നേഹത്തിലും, സഭാ ശുശ്രഷകന്മാരുടെയും ദൈവ ജനത്തിന്റെയും ആത്മാർത്ഥമായ പ്രാർത്ഥനായാലും തമ്മിലുള്ള ഐക്യതയാലും സഹകരണത്താലും ഇത്രത്തോളം വളരുവാൻ ഇടയാക്കിയ ദൈവത്തിന് മഹത്വവും സ്തോത്രവും അർപ്പിക്കുന്നു.

1989 മുതൽ 2000 വരെ ഈ സഭയിലെ അംഗമായിരിപ്പാനും ഒരു വർഷം സഭയുടെ സെക്രട്ടറിയായി സേവനം ചെയ്യുവാനും കർത്താവ് കൃപ നൽകി. എന്റെ ആത്മീക ജനനത്തിന്റെ ആരംഭഘട്ടങ്ങളിൽ എന്റെ ആത്മീക വളർച്ചയ്ക്കും പ്രോത്സാഹനത്തിനും ഈ സഭ കാരണമായിട്ടുണ്ട്.

അതുപോലെതന്നെ ദൈവസന്മാരുടെയും ദൈവമക്കളുടെയും പരസ്പര സ്നേഹവും സഹകരണവും കൈത്താങ്ങലുകളും ആരാധനയ്ക്ക് ശേഷമുള്ള സ്നേഹ വിരുന്നും ഏറെ പ്രശംസനീയമാണ്. ഇപ്പോൾ ബോംബയിൽ പി. എം .ജി തുങ്ങ സഭയിലെ ശുശ്രൂഷകനായി സേവനം അനുഷ്ടിച്ചു വരുന്നു.

നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശു ക്രിസ്തുവിന്റെ നാളോളം അതിനെ തികക്കും എന്ന് ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു..

കാൽവറി ഫെലോഷിപ്പ് ദൈവസഭ മസ്കറ്റിന് ഒരനുഗ്രഹമായി നിലനിൽക്കട്ടെ. സാത്താന്റെ കോട്ടകളെ തകർത്ത് ദൈവസഭയും ദൈവമക്കളും മുന്നേറട്ടെ. അതിന് ദൈവം കൃപ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ അവസരത്തിൽ പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എന്റെയും കുടുംബത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

Pr. Y. Georgekutty
Mumbai

Felicitation Message

Kurien Paulose

This was the LORD'S doing; It is marvellous in our eyes.
Psalms 118:23

Remembering the days of our salvation,

Greetings to all in the precious name of our Lord and Saviour Jesus Christ,

IT gives me immense pleasure on this glorious occasion that Calvary Fellowship Church is celebrating its 25th anniversary in Muscat. I thank and praise God for His faithfulness and loving kindness to each and every member of the Calvary church for the last 25 years.

The vision of the founders of the church in Muscat was not in vain. As always the mission of the Church was evangelization, Calvary church emerged from a small prayer group to worship God in Spirit and truth transformed many lives.

Apostle Paul said "So neither he who plant nor he who waters is anything," The man who plants and the man who waters have one purpose each will be rewarded according to his labour, All glory to God Almighty.

Myself and my wife Annie had the grace to come to the Lord and be baptised under Calvary church in 1991 April by Pastor D.C Samuel during his first visit. Calvary church is our parent church where we learnt our first lessons in Faith, Hope and Love. I remember the days of our salvation with a thankful heart and also remember and praise God for those who lead us unto this great salvation. Here was the place where we enjoyed the first love of the Church, the place we learnt to fast and pray.

On this blessed time we as a family send our sincere regards to the Church, the Pastor and all the council members May God bless us all.

Thanking All,
Kurien Paulose

Felicitation Message

Br. Philip George

I THANK and praise God for giving me the opportunity to be a part of this wonderful church for past many years. I joined this church when this church was small group with few families. So we were treated as a new born member in family. My children was brought up in Sunday School teaching them about christ and living a Christian life. All our family took water baptism, my elder son became youth fellowship secretary for one year. It was a great blessing. I was also elected as church secretary and also as a committee member. Church has grown and it only because of hard work by members and prayers. I take a opportunity to thank James Pastor and Joseph Achayan and other pastors who led us so many years. I thanks once again and praise the Lord for the blessing God has bestowed upon Calvary Church and to me as a member.

I wish all success to the Silver Jubilee celebrations and pray that the efforts of Calvary Fellowship Church, Muscat in Oman.

Br. Philip George

Felicitation Message

Br. Saji Abraham
CYF Secretary

മസ്കറ്റ് കാൽവറി ഫെലോഷിപ്പ് ചർച്ചിന്റെ 25 വർഷം പൂർത്തിയാകുന്ന ഈ വേളയിൽ, വചനാടിസ്ഥാനത്തിൽ കെട്ടിയടക്കപ്പെട്ട തോട്ടമാകുന്ന ദൈവസഭയുടെ അതിർവരമ്പുകൾക്കുള്ളിൽ നിന്നു കൊണ്ട് വിശുദ്ധിയും വേർപാടും കാത്തുസൂക്ഷിക്കുന്ന ഒരുപറ്റം വിശ്വാസികളാൽ ആരംഭിക്കപ്പെട്ട ഈ സഭ അതിന്റെ രജതജൂബിലി ആഘോഷിക്കുന്നതിനോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുകയും, ദൈവത്തിന് മഹത്വം കരേറ്റുകയും ചെയ്യുന്നു..

നിരാശയുടെ ഇരുളടഞ്ഞ താഴ്വരയിൽ അപഥ സഞ്ചാരം ചെയ്ത് പരാജയത്തിന്റെ നീർചുഴിയിൽ ജീവിതം ഹോമിക്കപ്പെടുന്ന യുവ തലമുറയെക്കൊണ്ട് ഇന്ന് ലോകം നിറഞ്ഞിരിക്കുന്നു. 1തിമോ: 4:12ൽ വിശുദ്ധ പൗലോസ് ഉണർത്തിയ പോലെ ക്രൂപാവരങ്ങളെ ഉപേക്ഷയായി വിചാരിക്കാതെ നമ്മിൽ പ്രകാശിക്കുന്ന ആത്മീയ തേജസ് മറ്റുള്ളവർക്ക് പകർന്നുകൊണ്ട് നമുക്ക് നിലനിൽക്കാൻ കഴിയണം.

ക്രിസ്തുവിന്റെ പത്രങ്ങളായി വായിക്കപ്പെടേണ്ട ഇന്നത്തെ തലമുറ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഴിമാറി സഞ്ചരിക്കുന്ന ഈ കാലയളവിൽ കാൽവറി സഭയിലെ യുവജനങ്ങളെ ദൈവത്തിനും ദൈവസഭയ്ക്കും കൊള്ളാവുന്നവരായി വളർത്തിയെടുക്കുന്നതോടൊപ്പം അവർക്ക് ദൈവം നൽകിയിരിക്കുന്ന കഴിവുകൾ വികസിപ്പിക്കുന്നതിനും മറ്റുള്ളവർക്ക് പ്രചോദനവും, പ്രയോജനവുമാക്കി തീർക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കന്നതിനും കാൽവറി യൂത്ത് ഫെലോഷിപ്പിന് കഴിഞ്ഞിട്ടുണ്ട്.

മസ്കറ്റ് കാൽവറി ഫെലോഷിപ്പിന്റെ യുവജന സംഘടനയായ CYF നെ രണ്ടുവർഷങ്ങൾ നയിക്കുവാനുള്ള ഭാഗ്യം ദൈവം എനിക്കും നൽകിയതിൽ ദൈവത്തിൽ സന്തോഷിക്കുന്നു. മാസത്തിന്റെ അവസാന ആഴ്ചയിൽ സഭായോഗാനന്തരം നടത്തപ്പെടുന്ന യൂത്ത് മീറ്റിംഗിൽ യുവജനങ്ങൾ അവരുടെ താലന്തുകൾ പ്രകടിപ്പിക്കുവാനുള്ള വേദിയാക്കി മാറ്റുന്നു. ഇത്തരത്തിൽ അവർ സഭയുടെയും, സമൂഹത്തിന്റെയും മുൻ നിരയിൽ നിൽക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഇവിടെ ലഭിക്കുന്ന അവധിദിനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി Bible classes, Conferences, Fasting Prayers, Picnics, എന്നിവ സംഘടിപ്പിക്കുവാനും, അതുപോലെ തന്നെ സമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ നാട്ടിലുള്ള ദൈവദാസന്മാർ, സഭാജനങ്ങൾ എന്നിവർക്ക് സഭാവ്യത്യാസമില്ലാതെ സാമ്പത്തിക സഹായങ്ങൾ ചെയ്യുവാനും കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

മസ്കറ്റ് കാൽവറി യൂത്ത് ഫെലോഷിപ്പിന്റെ ആരംഭനാൾ മുതൽ വളർച്ചയുടെ ഓരോഘട്ടത്തിലും വേണ്ട ഉപദേശങ്ങളും കൈത്താങ്ങലുകളും തരികയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ അർപ്പിക്കുന്നു.

കാലത്തിന്റെ കൂലം കുത്തിപാച്ചിലിൽ വഴിതെറ്റിയും ലക്ഷ്യമില്ലാതെയും അലയുന്ന ജനത്തിന് ഒരു ആശാകേന്ദ്രമായും ആശ്വാസഭവനമായും ലക്ഷ്യത്തിലേക്ക് നയിക്കുന്ന വഴികാട്ടിയായും തണ്ടിന്മേൽ ശോഭിക്കുന്ന വിളക്കായും ദൈവസഭയെ ദൈവം നിലനിർത്തട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയുടെ 25ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ CYF ന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

CYF ന് വേണ്ടി
സെക്രട്ടറി
സജി ഏബ്രഹാം

Br. John Philipose
Head Master,
School of Jesus Christ

School of Jesus Christ

(Calvary Fellowship church- Sunday school)

"Whatever you do, do it as for Jesus Christ"

Greetings in the marvelous majestic name of our Lord and Saviour Jesus Christ.

I have immense happiness to felicitate Calvary fellowship church in this 25th anniversary celebration.

I am proud in being a member of the CFC from the forming stage and witnessing my savior through the children's spiritual educational service as the Head master of the School of Jesus Christ . Surely God has been with us in our pilgrim journey of 25 years and I am sure, that He will continue to bless this ministry as we seek only to glorify His name.

On behalf of the School of Jesus Christ, I share good wishes of all teachers and students on this joyous occasion of the church by giving all honour, praises &thanks to the almighty for His blessing that granted to the Christian society of Oman, a spiritually grown up and blessed fellowship (CFC) from where everybody can enjoy the real beauty of Christian love and care through worshipping God in Spirit and truth.

"GOD BLESS ALL"

With Prayers

Yours in His Service
John Philipose
For School of Jesus Christ

"Fight the good fight of the faith"

Felicitation Message

Sis. Moncy Philip

കഴിഞ്ഞ 25 വർഷക്കാലം ഈ സഭയെ മുമ്പോട്ടു നയിച്ച സർവ്വകൃപാലുവായ ദൈവത്തിന് സ്തോത്രം.

2000 ആണ്ടിൽ ആരംഭിച്ച Calvary Womens Fellowship ന്റെ വളർച്ചയുടെ ഓരോകാലഘട്ടത്തിലും ആവശ്യമായ കൃപ തന്ന് നടത്തിയ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. സഹോദരി സമാജത്തിന്റെ ആരംഭം മുതൽ ഇന്നു വരെ ചേർന്നു പ്രവൃത്തിപ്പാൻ ദൈവം കൃപ തന്നു

കാൽവറി ദൈവസഭയ്ക്ക് ഒരു അനുഗ്രഹമായി പ്രവർത്തിക്കുവാനും വിവിധ വിഷയങ്ങളുമായി ഭാരപ്പെടുന്ന അനേകർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അനേകരെ സമ്പത്തികമായി സഹായിക്കുവാനും ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നതോർത്ത് ദൈവത്തിന് മഹത്വവും നന്ദിയും അർപ്പിക്കുന്നു.

25 വർഷം പിന്നിട്ട സഭ ദീർഘകാലം ഈ ദേശത്ത് പടർന്ന് പന്തലിച്ച് ഒരു വലിയ സഭയായി തീരട്ടെ എന്ന് ആശംസിക്കുന്നു..

'വന്നവഴികൾ ഒന്നോർത്തിടുമ്പോൾ
ഇന്നയോളം നടത്തിയ നാഥാ
നന്ദിയല്ലാതില്ലൊന്നുമില്ലാ
എന്നും കരുതലിൽ വഹിച്ചവനേ...'

സഹോദരി സമാജത്തിനു വേണ്ടി
സെക്രട്ടറി
Sis. Moncy Philip

മണലാരണ്യത്തിൽ തളരാതെ

കാൽവറി സഭയുടെ ചരിത്രവീഥിയിലേക്ക് ഒരു തിരിഞ്ഞു നോട്ടം.

Br. R Mathew

നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. ഫിലി. 1:4

ഒമാന്റെ ചൂടേറിയ മരുഭൂമിയിൽ, മസ്കറ്റിൽ സകലകുടുംബത്തിനും പേരുവരുവാൻ കാരണമായിത്തീർന്ന ദൈവത്താൽ കാൽവറി ഫെലോഷിപ്പ് ചർച്ച് എന്ന പേരിൽ ഒരു പൂച്ചെടി നട്ടു പിടിപ്പിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവത്തിന് പ്രസാദം തോന്നി. നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ലാ, വളരുമാറാക്കുന്ന ദൈവം അതിനെ, കഴിഞ്ഞ 25വർഷമായി വളർന്ന് പൂവിടുവാൻ ഇടയാക്കിയതോർത്ത് ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു.

മരുഭൂമിയിലെ ഉഷ്ണക്കാറ്റുകൾ ചുറ്റിയടിച്ചപ്പോഴൊക്കെയും ശത്രുവിന്റെ മേൽ ജയം തന്ന കർത്താവ് വീണ്ടും തായ്വേര് ഉറപ്പിച്ച് ഇന്നിപ്പോൾ പടർന്ന് പന്തലിച്ചു. നീറുന്ന ഹൃദയങ്ങളുമായി, വിവിധ ജീവിത പ്രശ്നങ്ങളുമായി ജോലി അന്വേഷിച്ച് ഈ രാജ്യത്തേക്ക് കടന്നു വരുന്ന ജാതി മത സഭാ വ്യത്യാസമെന്യെ ഏതൊരുവർക്കും, ലഭ്യമാകുന്ന സുഗന്ധം മാത്രമല്ല, മറിച്ച് താങ്ങും തണലുമായി, ആശ്വാസവുമായി, നിന്നതല്ല, നിർത്തിയ ദൈവം വിശ്വസ്തൻ എന്ന് ഏറിയ ചാരിതാർത്ഥ്യത്തോടെ ഇവിടെ ചില അക്ഷരങ്ങളാൽ രേഖപ്പെടുത്തുവാൻ വലിയവനായ ദൈവം എളിയവനായ എന്നേയും ബലപ്പെടുത്തുന്നു. ദൈവ നാമം മഹത്വപ്പെടട്ടെ.

പട്ടുപോയേക്കുമോ എന്ന ഭയപ്പെട്ട നാളുകൾ സ്മൃതി പദത്തിൽ ഉണ്ടായെങ്കിലും തദവസരങ്ങളിൽ ഇതിന്റെ പിന്നിൽ ചുക്കാൻ പിടിക്കുന്ന അനേകം കർത്തൃദാസന്മാരെ ദൈവം അപ്പഴപ്പോൾ എഴുനേൽപ്പിച്ച് ഈ സഭയാം തോട്ടത്തിന്റെ ഉടമസ്ഥനായ നല്ല കർത്താവ്, ഇതിനെ പന പോലെ തഴയ്ക്കുവാനും ലബാനോനിലെ ദേവദാരുപോലെ വളരുവാനും ഇടയാക്കി നിലനിർത്തിയിരിക്കുന്നു.

ഇതിന്റെ ആരംഭത്തിൽ തന്നെ മുളയെ നുള്ളി നശിപ്പിക്കത്തക്ക വിമർശനങ്ങളും ഒപ്പം പ്രതികൂല കാറ്റുകളും ആഞ്ഞടിച്ചപ്പോൾ, കർത്തൃദാസന്റെ ദീർഘവീക്ഷണവും പ്രസംഗപാടവവും നിസ്വാർത്ഥതയും, മനോഭാവവും, കൂറും ഈ സഭയുടെ വിശാലതയ്ക്കും വളർച്ചയ്ക്കും കാരണമായത് വിസ്മരിക്കാനാവില്ല.

ഈ കഴിഞ്ഞ കാലയളവുകളിൽ ഈ സഭയുടെ ശുശ്രൂഷന്മാരായിരുന്ന്, അർപ്പണബോധത്തോടുകൂടി സഭയുടെ വളർച്ചയ്ക്കായി അദ്ധ്വാനിച്ച ദൈവദാസന്മാരെയും കുടുംബങ്ങളേയും സ്മരിക്കുന്നു. അതതവസരങ്ങളിൽ വേണ്ട കൈത്താങ്ങലും ആത്മീയ ഗൈഡൻസും തന്ന് സഭയുടെ ആത്മീയ പുരോഗതിക്കുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന സഭാശുശ്രൂഷകനോടൊപ്പം, ഒരു സെക്രട്ടറിയായി ഏകോപനത്തോടെ കർത്തൃവേല ചെയ്യുന്ന കമ്മറ്റിയംഗങ്ങളോടു ചേർന്നു നിന്ന് കഴിഞ്ഞ വർഷത്തെ ചരിത്രം ഉൾക്കൊള്ളിച്ച് ഇപ്രകാരം സ്മരണിക പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ അന്യദേശത്ത് ഇതര വേർപെട്ട പെന്തക്കോസ്ത് സഭകളോടൊപ്പം ഒട്ടും പിന്നിലല്ലാതെ, വിശുദ്ധിക്കും, വേർപാടിനും വേണ്ടി നില കൊള്ളുവാൻ സഹായിച്ച കർത്താവിന് സകല മാനവും പുകഴ്ച്ചയും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾക്ക് ഇവിടെ വിരാമം കുറിയ്ക്കുന്നു.

മാത്യു ആർ.

ദൈവത്തിനു മഹത്വം

കാൽവറി ഫെലോഷിപ്പ് മസ്ക്കറ്റ് സഭയുടെ 25ാം വാർഷികം വിപുലമായി ആഘോഷിക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു..

1990 മെയ് മാസത്തിൽ ദൈവസഭയുടെ ആരംഭനാൾ മുതൽ 2013 നവംബർ മാസം ജോലി ഉപേക്ഷിച്ച് മസ്കറ്റ് വിട്ടു പോരുന്നതു വരെ 23 1/2 വർഷക്കാലം തുടർച്ചയായി സഭയിൽ ആരാധിക്കുവാനും സഹകരിക്കുവാനും സർവ്വ ക്രുപാലുവായ ദൈവം എനിക്ക് ഭാഗ്യം തന്നു. കാലഘട്ടത്തിന്റെ എതിർപ്പുകളും പ്രതിസന്ധികളും അതിജീവിച്ചു കൊണ്ട് ദൈവസഭയെ ഇന്നത്തെ അവസ്ഥയിൽ വളരുവാൻ പ്രവർത്തിച്ച എല്ലാ ദൈവദാസന്മാരെയും സഹപ്രവർത്തകരേയും ഈ വേളയിൽ ഓർക്കുന്നു....

കർത്താവിനാൽ പണിയപ്പെടുന്ന സഭയെ പാതാളഗോപുരങ്ങൾ ജയിക്കയില്ലാ എന്നുള്ളതു കർത്താവിന്റെ വാഗ്ദത്തം ആണ്.... ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിൽ ഉള്ളതല്ലാ ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ.

കൊലൊസ്സ്യർ 3:1–2

അന്വേഷിക്കുന്നതും ചിന്തിക്കുന്നതും ഉയരത്തിലുള്ളതാണെങ്കിൽ ദൈവം സഭയെപണിയും, വളരുമാറാക്കും.

25ാം വാർഷികാഘോഷവേളയിൽ, എന്റെയും എന്റെ കുടുബത്തിന്റെയും ഹൃദയത്തിൻ ആഴങ്ങളിൽ നിന്നുള്ള പ്രാർത്ഥനയും ആശംസകളും നേരുന്നു.. സർവ്വ മഹത്വവും ബഹുമാനവും സർവ്വശക്തനായ കർത്താവിന് അർപ്പിക്കുന്നു....

പ്രാർത്ഥനാപൂർവ്വം

Br. Varghese K Mathew

ഹൃദയം നിറഞ്ഞ ആശംസകൾ

25ാം വാർഷികം ആഘോഷിക്കുന്ന കാൽവറി ചർച്ചിന് യേശുക്രിസ്തുവിന്റെ നാമത്തിൽ സനേഹവന്ദനങ്ങൾ.

കാൽവറിസഭയുടെ ആരംഭകാലം മുതൽ എനിക്കും നിത്യതയിൽ വിശ്രമിക്കുന്ന കെ എ തോമസിനും ഒരുമിച്ച് 2009 വരെ ദൈവസഭയോടു ചേർന്ന് നിന്ന്, ഞങ്ങളെ കർത്താവ് ഏൽപ്പിച്ചത് വിശ്വസ്തയോടെ ചെയ്തെടുപ്പാൻ തക്കവണ്ണം വലിയവനായ ദൈവം കൃപ നലകി. ഇത്രത്തോളം സഭയെ ദൈവം വളർത്തിയത് ഓർത്ത് കർത്താവിനെ സ്തുതിക്കുന്നു..

ഈവർഷം (2014) Muscatൽ വന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാനും വലിയവനായ ദൈവം എനിക്ക് കൃപ ചെയ്തു. കാൽവറിയിൽ നമുക്കായി പകർന്നുതന്ന ആ സനേഹത്തിൽ തന്നെ പിന്നെയും ദൈവസഭ കർത്താവിന്റെ വരവുവരെ നിലനിൽക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈ കഴിഞ്ഞ 25 വർഷം കാൽവറി ദൈവസഭയെ വളർത്തി നിലനിർത്തികൊണ്ടുവന്ന സർവ്വ കൃപാലുവായ ദൈവത്തിനു നന്ദിയോടെ സ്തോത്രമർപ്പിച്ചും, വീഴാതവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ള ദൈവത്തോട് പ്രാർത്ഥിച്ചും കൊണ്ടു കാൽവറി സഭയിലുള്ള എല്ലാ ദൈവദാസന്മാർക്കും സഹോദരി സഹോദരമാർക്കും കുഞ്ഞുങ്ങൾക്കും എന്റെയും എന്റെ കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ ആശംസകൾ.

കുഞ്ഞമ്മ തോമസ്

Br. John Varghese

നാവിന്റെ അധികാരം

"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു." സദൃശ്യവാക്യങ്ങൾ 18: 21

വിശുദ്ധ വേദപുസ്തകത്തിൽ ഉടനീളം പരിശോധിച്ചാൽ വ്യത്യസ്ത സാഹചര്യത്തിൽ വ്യത്യസ്ത വിവർത്തനത്തിൽ നാവിനെപ്പറ്റി പ്രതിപാതിച്ചിരിക്കുന്നു. വായ്, അധരം, വാക്ക് എന്നിങ്ങനെ പ്രത്യേകിച്ച് സദൃശ്യവാക്യങ്ങളിലും സങ്കീർത്തനങ്ങളിലും, ലേഖനങ്ങളിലും, വഞ്ചനപിണയ്ക്കുന്ന നാവ്, വ്യാജം പറയുന്ന നാവ്, വിറയ്ക്കുന്ന അധരം, സാഹസം പറയുന്ന നാവ്, മൂർച്ച ഉള്ള നാവ്, പിളർന്ന നാവ്, ശപിക്കുന്ന നാവ്, അനുഗ്രഹിക്കുന്ന നാവ്, മുഖസ്തുതി പറയുന്ന നാവ്, അണലി വിഷം പോലെയുള്ള നാവ്, ഏഷണി പറയുന്ന നാവ്, സ്തുതിക്കുന്ന നാവ്, ശാസിക്കുന്ന നാവ്, ഭോഷ്ക്ക്പറയുന്ന നാവ്, ഇമ്പമായി സംസാരിക്കുന്ന നാവ്, തീ കത്തിക്കുന്ന നാവ്, നന്ദികേടു പറയുന്ന അധരം എന്നിങ്ങനെ വ്യത്യസ്ഥമായ വിശേഷണ പദങ്ങളോടുകൂടി നാവിനെപറ്റി പറഞ്ഞിരിക്കുന്നു. ഒപ്പം മരണവും ജീവനും നാവിന്റെ അധികാരത്തിലുണ്ട്. ജ്ഞാനിയായ ശലോമോന്റെ ഈ വചനത്തിലൂടെ തന്റെ അപ്പനായ ദാവീദിന്റെ ജീവിതത്തിൽ ഇതെത്രമാത്രം അന്വർത്ഥമായിരിക്കുന്നു എന്നു നോക്കാം. (2ശമു.) 'എന്നാൽ ദാവീദ് ചെയ്തത് യഹോവയ്ക്ക് അനിഷ്ടമായി' എന്ന വാക്യത്തോടെയാണ് 11ാം അദ്ധ്യായം അവസാനിക്കുന്നത്. യഹോവ നാഥാനെ ദാവീദിന്റെ അടുത്തേക്ക് അയക്കുന്നു. നാഥാൻ വളരെ തന്മയത്തമായി ദൈവീക ദൂത് ദാവീദിനെ അറിയിക്കുന്നു. നാഥാന്റെ വിഷയാവതരണത്തിൽ ദാവീദ് വിധിപുറപ്പെടുവിക്കുകയും ചെയ്തു.

എന്നെയും നിങ്ങളെയും ബുദ്ധിഉപദേശിച്ചുകൊണ്ട് തുടർന്നുള്ള സംഭവവികാസങ്ങൾ നമുക്ക് വിരൽ ചൂണ്ടുന്ന ചില സത്യങ്ങൾ ഉണ്ട്. തീയമ്പുകൾ പോലെ നാഥാൻ പ്രവചിച്ച വാക്കുകൾ ദാവീദിന്റെ ചങ്കിൽ തറച്ചു. അവൻ നിലത്തു വീണ് അനുതപിച്ചു. പക്ഷെ ആ അപരാധം നിരപരാധികളായ തലമുറയിലേക്ക് ആഞ്ഞടിച്ച് ദാവീദിന്റെ 4 മക്കൾ നിലം പതിക്കുന്നു. ദാവീദിന്റെ പാപ പ്രവർത്തിയിൽ ജനിച്ച ആ കുഞ്ഞ് മരിച്ചു പോയി. 12:18ൽ ഒരു മരണം, ദാവീദിന്റെ മകളായ താമാർ അപമാനിക്കപ്പെട്ടു. എന്ന് മാത്രമല്ല അതിനു കാരണക്കാരനായ തന്റെ മകനും മരിച്ചു. മൂന്നാമത് അബ്ശാലോം മരിച്ചു. ശലോമോൻ രാജാവ് ദാവീദിന്റെ മകനായ അഥോനിയാവെ കൊന്നുകളയുന്നു. 1 രാജാ. 2:24,25. ഇങ്ങനെ ദാവീദ് പാപം ചെയ്തശേഷം അനുതപിച്ച് ദൈവനീതിയാൽ രക്ഷപെട്ടു എങ്കിലും താൻ ചെയ്ത കൊടും ക്രൂരതയ്ക്ക് പകരം 4 മക്കൾ അതിദാരുണമായി കൊല്ലപ്പെടുന്നതിനിടയായി.

ദൈവത്തെ സ്തുതിപ്പാനും അനുഗ്രഹിപ്പാനും തന്നിരിക്കുന്ന നാവിന് മരണവും, ജീവനും നൽകാൻ അധികാരം തന്നിരിക്കുന്നു. ഇത് ദാവീദിന്റെ ജീവിതത്തിൽ സംഭവിച്ചെങ്കിൽ നമ്മെകൊണ്ട് ദൈവം ആഗ്രഹിക്കും വിധം നിറവേറാനാകാതെ ദൈവീക വാഗ്ദത്തതിൽ നിന്ന് നമ്മെ അകറ്റികളയുംവിധം നമ്മുടെ സംസാരവും പ്രവർത്തിയും ആകുന്നുവെങ്കിൽ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അവസാനം ദുഷ്ക്കരം തന്നെ.

പുതിയ നിയമത്തിൽ യാക്കോബിന്റെ ലേഖനം നാവിന്റെ അതിഭയങ്കരമായ അവസ്ഥയെപറ്റി പ്രതിപാദിച്ചിരിക്കുന്നു. ദാവീദിന്റെ ജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ, അർഹതയില്ലാത്തിടത്തുനിന്ന് തിരഞ്ഞെടുപ്പ് പ്രാപിച്ച് രാജാസനങ്ങളിൽ കയറ്റി ഇരുത്തുകയും, ദൈവത്തിന്റെ ഹിതപ്രകാരമുള്ളവനെന്ന് സാക്ഷ്യപത്രം കൊടുക്കുകയും ചെയ്തെങ്കിലും പിൽക്കാല ജീവിതത്തിൽ പഴയകാല അവസ്ഥകൾ പാടെ മറന്നശേഷം രാജധർമ്മകളെ മറികടന്ന് കുറ്റം ചെയ്തവരുടെമേൽ വിധികൽപ്പിക്കുകയും ചെയ്തപ്പോൾ, ആ മനുഷ്യൻ നീ തന്നെ എന്നുള്ള ബുള്ളറ്റ് തന്റെ നെഞ്ചിൽ തറയ്ക്കുന്നു.

വലിയ കപ്പലിനെ ചെറിയ ചുക്കാൻ കൊണ്ട് നിയന്ത്രിച്ച് മുന്നിലുള്ള ലക്ഷ്യതുറമുഖത്തേക്ക് എത്തിക്കുന്ന സത്യം പോലെ ജീവിതത്തിന്റെ യാതൊരു അർഹതയുമില്ലാത്തിടത്ത് നിന്ന് നമ്മെ ദൈവം തിരഞ്ഞെടുത്ത് കൃപയിൽ നിലനിർത്തിയിരിക്കുന്ന നാം അതെല്ലാം മറന്നിട്ട് ഭക്തിയുടെ ഉച്ചകോടിയിലെന്ന് അഭിമാനിക്കുകയും, നാവിന് നിയന്ത്രണം ഇല്ലാത്തവിധം ഉപയോഗിച്ച് സ്വർഗ്ഗീയ ലക്ഷ്യ തുറമുഖത്ത് എത്താനാവത്തവിധം നടുക്കടലിൽ നട്ടം തിരിഞ്ഞലയുന്ന വിധമെങ്കിൽ നമ്മുടെ വിശ്വാസജീവിതത്തിന്റെ ആകെ തുക എന്താകും. അതുകൊണ്ട് നമ്മുടെ വാക്കുകൾ ഉപ്പിനാൽ രുചിവരുത്തിയവയും കൃപയോടുകൂടിയവയും ആയിരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Br. John Varghese

CALVARY FELLOWSHIP CHURCH, MUSCAT

REGULAR WORSHIP TIMINGS

Wednesday	: 8:30 to 10:00pm	CSI Hall, Ruwi
Thursday	: 9:15 to 10:30pm	Swemer Hall, Ghala
Friday	: 8:45 to 9:30am	School of Jesus Christ (Ruwi Main Hall, Old)
Friday	: 9:30 to 11:40am	Regular Worship (Ruwi Main Hall, Old)
Friday	: 10:30 to 11: 40	Youth Fellowship (Ruwi Main Hall, Old) Every 4th Friday
Saturday	: 10:00 to 12:00am	Womens Fellowship - Parsonage Hall, Ruwi 2nd and 4th Saturday
Saturday	: 10:30am to 1:00pm	Fasting Prayer, Ruwi, Annexe Hall Every 1st Saturday

Best Compliments to
Calvary Fellowship Church, Muscat
on the 25th Anniversary Celebrations
from

ZAHRATH AL-AWLA TRADING

P.O. Box: 459, P.C: 112, Ruwi, Sultanate of Oman.
Tel/Fax: 24700620, E-mail: zahrathoman@gmail.com

Your Graphic Companion.....
Always...!

GRAPHIC ZOOM OMAN

Our Other Activities
EPOXY / ETCHING / SAND BLASTING / ACRYLIC & METAL LETTERS
INTERIOR DESIGNING / DIGITAL PRINTING.

Contact : 93244588/93242452

അനുകരിക്കുന്നതാരെ? ലക്ഷ്യത്തിലെത്തുമോ?

Br. Stanly Daniel

ഈ ലോകപ്രകാരം ഉന്നതകുല ശ്രേഷ്ടൻ, വിദ്യാസമ്പന്നൻ, പരാക്രമശാലി, ക്രിസ്ത്യാനികളെ മുടിച്ചുകളയുവാൻ അധികാരപത്രം കിട്ടിയവൻ, ലോകം അടക്കിവാഴുന്ന റോമാ സാമ്രാജ്യത്തിന്റെ പൗരത്വമുള്ളവൻ, പരീശന്മാരിൽ പരീശൻ എന്നിങ്ങനെ അനേക വിശേഷണങ്ങൾക്ക് ഉടമയായിരുന്ന ശൗലെന്ന പൗലോസ് ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ടത നിമിത്തം പറയുകയാണ്, ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരിയാകുവീൻ. 1കൊരി.11:1.

അപ്പോസ്തോലനായ പൗലോസ് തന്റെ അനുകാരികൾ ആകുവിൻ എന്ന് ആഹ്വാനം ചെയ്യുമ്പോൾ യേശുക്രിസ്തുവുമായി തനിക്കുള്ള ബന്ധത്തെ എത്ര ധൈര്യത്തോടെയാണ് പ്രസ്ഥാവിക്കുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും യേശുക്രിസ്തുവിനെ മാത്രം അനുകരിപ്പാൻ ഒരു മനുഷ്യൻ എന്ന നിലയിൽ പൗലോസിനു കഴിയണമെങ്കിൽ എത്ര കഷ്ടവും ത്യാഗവും സഹിക്കേണ്ടിവന്നു കാണുമെന്ന് നാം ഓർക്കണം.

അനുകരണം എന്നത് സർവ്വസാധാരണമായ ഒരു പ്രതിഭാസമാണ്. എല്ലാ മനുഷ്യരിലും എല്ലാ മേഖലകളിലും എന്നപോലെ ആത്മീയ ഗോളത്തിലും, പ്രത്യേകിച്ച് പെന്തക്കോസ്തുകാരുടെയിടയിലും മാരക രോഗമായ കാൻസർ പോലെ ബാധിച്ചിരിക്കുകയാണ്.

ലോകത്തെയും, ലോകത്തിലുള്ളവരേയും അനുകരിക്കുന്നതിൽ എത്ര മത്സര ബുദ്ധിയോടെയാണ് വിശ്വാസ സമൂഹവും, പുതു തലമുറയും പ്രവർത്തിക്കുന്നത്. നമ്മുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നത് നാം പാടെ വിസ്മരിക്കുകയാണ്. നമ്മുടെ ഈ മറവി ക്രിസ്തുവിൽ നിന്നും എത്രമാത്രം നമ്മെ അകറ്റികളയുന്നുവെന്ന് നാം ഓർക്കാറുണ്ടോ.

ആത്മീയ ഗോളത്തിന് അധഃപതനവും മൂല്യച്യുതിയും സംഭവിച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്. 2000ൽ പരം വർഷങ്ങൾക്ക് മുൻപ് കർത്താവ് പറഞ്ഞത് ഇപ്പോൾ ഇവിടെ നിറവേറുകയാണ്. അതു നമ്മുടെ കണ്ണിനു മുൻപിൽ കണുകയും, കേൾക്കുകയും ചെയ്യുന്നു. കള്ളപ്രവാചകന്മാരും, കള്ള ശുശ്രൂഷകരും കൊടികുത്തി വാഴുകയാണ്. വ്രതന്മാരെ മാത്രമല്ല മറ്റ് അനേകരേയും ക്രിസ്തുവിൽ നിന്ന് അകറ്റികളയുകയാണ് ഈ കൂട്ടർചെയ്യുന്നത്.

സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവത്തിന്റെ മാറ്റമില്ലാത്ത സത്യവചനത്തെ വളച്ചൊടിക്കുന്ന കാലം ഇതു പോലെ വേറെ ഉണ്ടായിട്ടില്ല. ഇതിന്റെ പിന്നിലെ വ്യാപാര ശക്തിയെ തിരിച്ചറിയാൻ കഴിയാത്ത ചിലർ സാത്താന്റെ അടിമനുകത്തിൽ പിന്നെയും വീണുപോകുകയാണ്.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന് തക്കവണ്ണം അവരെ ഉചിതമല്ലാത്തത് ചെയ്വാൻ നികിർഷ്ട്ട ബുദ്ധിയിൽ ഏൽപ്പിച്ചു. (റോമ. 1:28)

ദൈവത്തിന്റെ പരിജ്ഞാനം ധരിപ്പാൻ നമുക്ക് കഴിഞ്ഞില്ലായെങ്കിൽ സാത്താന്റെ തന്ത്രങ്ങളിൽ വീണുപോകുകയും, അവന്റെ സ്വഭാവങ്ങളായ അനീതി, ദുഷ്ടത, അത്യാഗ്രഹം, ദുർബുദ്ധി, അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവരും, കുരുളക്കാർ, ഏഷണിക്കാർ, ദൈവദോഷികൾ, ഗർവ്വിഷ്ടന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കളെ അനുസരിക്കാത്തവർ, കനിവറ്റവർ, വാത്സല്യമില്ലാത്തവർ, നിയമലംഘികൾ,

അനുസരിക്കാത്തവർ, കനിവറ്റവർ, വാത്സല്യമില്ലാത്തവർ, നിയമലംഘികൾ, ബുദ്ധിഹീനർ, ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നറിഞ്ഞിട്ടും അവയെ പ്രവർത്തിക്കുകയും, പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുകയും ചെയ്യുന്നവരായി മാറുന്നത്.

സാക്ഷികളുടെ ഒരു വലിയ സമൂഹത്തെ നിരത്തി നിർത്തിയിട്ടാണ് ആർക്കും വേണ്ടാതെ പാപത്തിന്റെ ചെളിക്കുളിയിൽ കിടന്ന മരണ യോഗ്യരായ നമ്മെ ഓരോരുത്തരേയും സ്വർഗ്ഗത്തിന്റെ മകുടമായിരുന്ന യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ വിലയ്ക്ക് വാങ്ങി അവന്റെ മക്കളാക്കിതീർത്തത്.

എന്നാൽ കർത്താവ് ആഗ്രഹിക്കുന്ന ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ?. ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്. ക്രിസ്തുവിന്റെ അനുകാരികൾ ആകുവാൻ പൗലോസിനെ പോലെ നമുക്കും ശ്രമിക്കാം.

സ്വാർത്ഥതയും ദ്രവ്യാഗ്രഹവും കർത്താവിൽനിന്നും എത്ര ദൂരം നമ്മെ അകറ്റിക്കളയുന്നുവെന്ന് ഓർക്കണം. നിഗളവും സ്വാർത്ഥതയും അഹങ്കാര മനോഭാവവും ആയിരുന്നു സ്വർഗ്ഗത്തിൽ നിന്നും ലൂസിഫറിനെ ഭൂമിയിലേക്ക് വെട്ടിയിടാൻ കാരണമായത്.

പക്ഷെ ലൂസിഫറെന്ന സാത്താന് ഭൂമിയിൽ കുറച്ചുകാലത്തേക്ക് എങ്കിലും ശക്തിയോടെ വാഴുവാൻ ദൈവം അനുവദിച്ചപോലെ പല വർഷങ്ങൾ നോക്കിയിട്ടും ഫലമില്ലാതെ വന്നപ്പോൾ നമ്മെയും വെട്ടികളഞ്ഞിട്ട് ലോകക്കാരെ പ്പോലെ സുഭിഷമായി ജീവിക്കാൻ അനുവദിക്കുകയാണോ? കളയൊക്കെയും വെട്ടി തീയിൽ ഇടുന്ന കാലം ഏറ്റവും അടുത്തു പോയി.

ഈ ലോകവും ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും നമ്മുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നുവെന്ന് നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

നമ്മുടെ ലക്ഷ്യം എന്ത് എങ്ങോട്ട്, ഓട്ടക്കളത്തിൽ ഓടുന്നവർ അനേകർ, എന്നാൽ ജയം പ്രാപിക്കുന്നത് ഒരാൾ മാത്രം. ആ ഒരാൾ ആരായിരിക്കണമെന്നത് നാം ഓരോരുത്തരും തീരുമാനിക്കേണ്ടതാണ്.

നമ്മുടെ ലക്ഷ്യം നിത്യതയാണെങ്കിൽ ഒരു ഓട്ടക്കാരന്റെ വീറും വാശിയും നമുക്ക് അത്യന്താപേക്ഷിതമാണ്. വരൂ... ഒരു ഓട്ടക്കാരന്റെ ചെരിപ്പും വസ്ത്രവും ആവേശവും ധരിച്ചുകൊണ്ട് കളത്തിൽ വിസ്സിൽ മുഴക്കത്തിനായി കാതോർത്തുകൊണ്ട് കർത്താവിന്റെ ഇഷ്ടം ചെയ്ത് വിശുദ്ധിയോടെ ജീവിച്ച് മുന്നേറാം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിനെ നോക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ...

Br. Stanly Daniel

ദൈവത്തിനു മഹത്വം

Pr. Mathew Benjamin
(Baby)

ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നരുളിചെയ്ത അരുമനാഥനായ യേശുക്രിസ്തുവിന്റെ വാഗ്ദത്ത വചനം പോലെ തന്നെ Calvary Fellowship Church ന്റെ ആരംഭം മുതൽ ഇന്നുവരെയും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും എല്ലായിപ്പോഴും സഭയോടു കൂടെയുണ്ടായിരുന്നു. ഈ സ്ഥലത്ത് കഴിക്കുന്ന പ്രാർത്ഥനയ്ക്കു എന്റെ കണ്ണു തുറന്നിരിക്കും, ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും എന്ന് ശലോമോനോട് യഹോവയായ ദൈവം അരുളിചെയ്തതുപോലെ കഴിഞ്ഞനാളുകളിൽ സഭയുടെ പ്രാർത്ഥനകളും, ദൈവസ്നേഹത്തിൽ അലിഞ്ഞ കൂട്ടായ്മകളും സഭയുടെ വളർച്ചയ്ക്ക് കാരണമായി ഭവിച്ചു. 1989 –1990 കാലങ്ങളിൽ പാരമ്പര്യ ബന്ധങ്ങളെ അറുത്തുമാറ്റി ഒമാന്റെ തലസ്ഥാനമായ മസ്കറ്റിൽ ദൈവവചന സത്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് അഞ്ചു ധീര യോദ്ധാക്കളും അവരുടെ കുടുംബങ്ങളും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാനായി തീരുമാനമെടുത്ത് വേർപെട്ട് കൂടി വന്നതിന്റെ പരിണിതഫലമാണ് ഇന്നു കാണുന്ന Calvary Fellowship Church.

ഒരു കാത്തോലിക്കാ പുരോഹിതനാകാൻ ആഗ്രഹിച്ച് സെമിനാരിയിൽ മൂന്നു വർഷം പഠിച്ച് പിന്നീട് അതുപേക്ഷിച്ച് ജോലി തേടിവന്ന എനിക്ക് ഈ സഭയുടെ ആരംഭകാലങ്ങളിൽ രക്ഷിക്കപ്പെടുവാനും, സ്നാനപ്പെടുവാനും തുടർന്ന് പരിശുദ്ധാത്മാഭിഷേകം പ്രാപിപ്പാനും കൃപയാൽ സാധിച്ചത് എനിക്കു അഭിമാനവും അത്യന്തം സന്തോഷകരവുമാണ്.

വിവാഹാനന്തരം ഏഴു വർഷം തലമുറയില്ലാതെ ഭാരപ്പെട്ട് വളരെ ഹൃദയവേദനയോടെയായിരുന്ന എന്നെയും, എന്റെ ഭാര്യയേയും, ബ്ര. എ. പി. ജോൺസൺ സഭയിൽ കൂട്ടികൊണ്ടുവരുകയും, തുടർന്ന് സഭ പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് തലമുറകളെ ദൈവം തന്നത് നന്ദിയോടെ സ്മരിക്കുന്നു.

ഈസഭയിൽ 12 വർഷം ദൈവമക്കളുമായി ദൈവത്തെ ആരാധിച്ചതും, കൂട്ടായ്മകൾ പങ്കിട്ടതും പ്രാർത്ഥനകളിൽ സഹകരിച്ചതും യൂത്ത് ഫെലോഷിപ്പിന്റെ ഭാരവാഹിത്തം വഹിച്ചതും എന്റെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കുവാൻ കാരണമായി. 2001ൽ കർത്താവിന്റെ വേല ചെയ്യുവാനായി എളിയവനായ എന്നെയും സ്വർഗ്ഗത്തിലെ ദൈവം കണ്ടു. സഭയും സഭാ ശുശ്രൂഷകനായ പാസ്റ്റർ ഷാജിയും ചേർന്ന് എന്നെ ദൈവവേലക്കായി പ്രാർത്ഥിച്ച് നാട്ടിലേക്ക് അയച്ചു. അന്നു മുതൽ ഇന്നു വരെയും ആലപ്പുഴയിലെ തീരദേശങ്ങളിൽ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ഒരു സഭയുടെ ആരംഭം കുറിക്കുവാനും ദൈവം സഹായിച്ചു.

മസ്കറ്റ് കാൽവറി സഭ 25 വർഷം തികയ്ക്കുന്ന മഹനീയ വേളയിൽ സ്വർഗ്ഗത്തിലെ ദൈവത്തിനു മുഴു മഹത്വവും അർപ്പിക്കുന്നു. സഭയുടെ ആരംഭം മുതൽ കാലാകാലങ്ങളിൽ ദൈവം ആക്കി വെച്ച സഭാ ശുശ്രൂഷകന്മാരെയും സഭാ നേതൃത്വത്തിൽ പ്രവർത്തിച്ചവരേയും, എല്ലാ ദൈവമക്കളേയും ദൈവം അനുഗ്രഹിക്കട്ടെ.

അറേബ്യൻ മണലാരണ്യങ്ങളിൽ ജോലി തേടി വരുന്ന മലയാളികൾക്ക് സഭ തുടർന്നും ആശ്വാസത്തിനും ആത്മരക്ഷക്കും കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എന്റെയും കുടുംബത്തിന്റെയും ഞാൻ ശുശ്രൂഷിക്കുന്ന ആലപ്പുഴ പറവൂർ ....സഭയുടെയും ആശംസകൾ നേരുന്നു.

Pr Mathew Benjamin

Executive Committee Members

Church Jubilee Committee Members

Church Choir

Calvary Womens Fellowship committee members and Pastor Santhosh Thomas & Family

School of Jesus Christ Teachers.

Youth Fellowship committee members

CFC School of Jesus Christ students and teachers

പ്രിയ സഹോദരി സഹോദരങ്ങൾക്ക്

വീണ്ടും വരുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

കാൽവറി ഫെലോഷിപ്പിന്റെ ആരാധന മസ്ക്കറ്റിൽ തുടങ്ങിയിട്ട് 25-വർഷം തികയുന്നു.. 2003 മുതൽ 2007 വരെ എനിക്കും സഭയുടെ അംഗമായിരിപ്പാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്.... ഈ സമയങ്ങളിൽ എനിക്ക് ലഭിച്ച എല്ല സഹകരണത്തിനും നന്ദി അറിയിക്കുന്നു. പ്രിയ ദൈവമക്കളെ നമ്മുടെ കർത്താവ് വരാറായ ഈ കാലയളവിൽ അവന്റെ വേലയിൽ എല്ലാവരും ഉത്സാഹികളായി പ്രവർത്തിക്കാൻ ഇടയാകട്ടെ. അവൻ സകല മനുഷ്യരും രക്ഷ പ്രാപിക്കാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും ആഗ്രഹിക്കുന്നു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മേയും ഉയിർപ്പിച്ചു. പാപത്താൽ മരിച്ചു കിടക്കുന്ന അനേകർ നമുക്കു ചുറ്റും ഉണ്ട്. അവർക്കു ജീവൻ ലഭിക്കാൻ, ക്രിസ്തുവിന്റെ വെളിച്ചമായി അവരുടെ ഇടയിലേക്കു ഇറങ്ങി ചെല്ലേണ്ട ഉത്തരവാദിത്വം നമ്മിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ നമ്മെ ലോകത്തിന്റെ വെളിച്ചമായി വച്ചിരിക്കുന്നുവല്ലൊ.

ഫിലിപ്പ്യർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു (ഫിലിപ്പ്യർ 2:14-15)

നമ്മൾ ജീവന്റെ വചനം അനുസരിച്ചും കൊണ്ട് ലോകത്തിന്റെ നക്ഷത്രങ്ങൾ പോലെ പ്രകാശിക്കണം. നക്ഷത്രത്തിന്റെ ജോലി വഴി കാട്ടുകയും മനുഷ്യരെ യഥാർത്ഥ സ്ഥാനത്തു എത്തിക്കുകയും ചെയ്യുക എന്നുള്ളതാകുന്നു.

മത്തായി 2:9-10 - അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനുമീതെ വന്നു നിൽക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നക്ഷത്രം കണ്ടതു കൊണ്ട് അവർ അത്യന്തം സന്തോഷിച്ചു. ഭൂമിയിൽ ഒരു നക്ഷത്രമായി ജീവിച്ചു അനേകരെ ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കുന്നതായിരിക്കണം നമ്മുടെ ജീവിതം.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ...

ആശംസകളോടെ

Br. Jacob

Br. George Mathew

ക്ഷണിക്കുന്ന മുഖാന്തിരങ്ങൾ

കാനായിൽ നിന്നൊരു ബന്ധുവിൽ നിന്ന്
വന്ന ക്ഷണം തൻ പൈതലിൻ മാംഗല്ല്യത്തിനോ
കർത്തൻ തൻ ശുശ്രൂഷാരംഭത്തിനോ?

കല്ല്യാണവീട്ടിലെ വീഞ്ഞ് തീർന്നു
ഇനിയെന്ത് വഴിയെന്നറിയാതെ പാവം
നിന്നു പോയ് നിസ്സഹായനായി

മറിയക്കതറിയാൻ കഴിഞ്ഞതു ഭാഗ്യം
ഇപ്പാരിൽ വന്നോരിമ്മാനുവേൽ തൻ മകൻ
ദൈവത്തിൻ പുത്രൻ തന്നൊപ്പമുണ്ട്

നാഴികവന്നില്ലാ എന്നവൻ ചൊന്നാലും
ഉർവ്വിക്കധീശനല്ലേ! അവൻ
താതനിൻ തൻഹിതം ചെയ്യുവാൻ വന്നവൻ

വീടുകളിൽ സ്ഥിരമായി കാണുന്ന
പാരമ്പര്യം പേറും ആറു കൽപാത്രങ്ങൾ
വെള്ളം നിറയ്ക്കുവാൻ ചൊല്ലികർത്തൻ

സൃഷ്ടിതാവിൻ കൽപന വന്നക്ഷണം തന്നെ
വെള്ളത്തിൻ ഭാവം വീഞ്ഞിൻേറതായ്
വിളമ്പിയ വീഞ്ഞിൻെറ മേന്മ പറയാതെ
രുചിനോക്കിയോരാരും വെറുതെയിരുന്നില്ല.

അങ്ങനെ കർത്തൻ തൻ ശുശ്രൂഷാരംഭത്തിന്
കല്യാണ വീട് മുഖാന്തിരമായ്...



Br. John Samuel

സ്വർഗത്തിൽ നിന്നൊരു കത്ത്

പ്രിയ മകനെ ....ഒരു പാടു നാൾ ആയി നിനക്കു ഇങ്ങനെ ഒരു കത്ത് എഴുതാൻ ആഗ്രഹിക്കുന്നു. ഓരോ ദിവസവും ഞാൻ ആഗ്രഹിക്കുന്നതു പോലെ നീ ആയി തീരുമോ, നി എന്നെ ഓർക്കുമൊ എന്നു ഞാൻ ആഗ്രഹിച്ചു കാത്തിരുന്നു. അതുണ്ടായില്ല എന്ന കാരണത്താൽ ഞാൻ ഇതു എഴുതുവാൻ നിർബന്ധിതൻ ആകുന്നു .

ഓരോ ദിവസവും രാവിലെ നീ എഴുന്നേൽക്കുന്നു. നിന്റെ പതിവു ദിനചര്യയിലേക്കു കടക്കുന്നു. ഒരു മിനിറ്റ് എങ്കിലും രാവിലെ എഴുന്നേറ്റ് എന്നെ നീ നന്ദിയോടെ ഓർക്കുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ഒന്നും പറയാതെ എഴുന്നേറ്റ് നീ നിന്റെ പ്രഭാത കർമ്മങ്ങൾക്കു പോകുന്നു. അവിടെ നിന്നു നീ നേരെ ഭക്ഷണം കഴിക്കാനായി മേശയ്ക്കരികിലേക്ക്, അവിടെ നിനക്കു വിഭവ സമൃദ്ധമായ ഭക്ഷണം തയ്യാർ ആയിരുന്നു. കോടിക്കണക്കിനു ജനങ്ങൾ ഒരു നേരത്തെ ആഹാരത്തിനായി വലയുമ്പോൾ നിനക്കു ലഭിച്ച പ്രഭാത ആഹാരത്തിനായി നീ എനിക്കു നന്ദി അർപ്പിക്കും എന്നു ഞാൻ വിചാരിച്ചു. പക്ഷെ അതു മുഴുവൻ ആസ്വദിച്ചു കഴിക്കുന്നതിൽ നീ ശ്രദ്ധിച്ചു.

അതു കഴിഞ്ഞു നീ ഡ്രസ്സ് ചെയ്യാൻ വേണ്ടി പോയി. അനേകം പേർ ഒരു വസ്ത്രം മാറി ഉടുക്കാൻ കഴിയാതെ വിഷമിക്കുമ്പോൾ, ഏതു തിരഞ്ഞെടുക്കണം എന്നറിയാനാണു നീ വിഷമിച്ചത്. അവസാനം നിനക്ക് ഇഷ്ടപെട്ട ആ ഡ്രെസ്സ് ഇട്ടു നീ ഇറങ്ങുമ്പോൾ അത് നല്കി തന്ന എന്നെ നീ നന്ദിയോടെ ഒരു നിമിഷം ഓർത്തില്ല. ശേഷം നീ നിന്റെ വാഹനത്തിലേക്ക് കയറി... അനേകം പേർ കാൽനടയായി പോകുമ്പോൾ, നിനക്ക് ഞാൻ നൽകിത്തന്ന ആ നന്മ ഓർത്ത് നീ എന്നെ ഒരു നിമിഷം നന്ദി അർപ്പിച്ചില്ല.. പോകുന്ന വഴിയിൽ പല അപകടങ്ങൾ നീ കണ്ടു.. എന്നാൽ അതിൽ ഒന്നും പെടാതെ സുഖകരമായി നിന്നെ നിന്റെ ഓഫീസിൽ എത്തിച്ച എന്നെ നീ ഓർത്തില്ല...

ശേഷം നീ ഓഫിസിൽ നിന്റെ ജോലികൾ വളരെ ഭംഗിയായി ചെയ്തു തുടങ്ങി .. അനേകം പേർ ജോലി ഇല്ലാതെ അലഞ്ഞു തിരിയുമ്പോൾ, നിനക്ക് ഞാൻ നല്ല ജ്ഞാനം തന്നു, ജോലി ചെയ്യാൻ ഉള്ള പ്രാപ്തി തന്നു. എന്നാൽ അതെല്ലാം നീ മറന്നു നിന്റെ സ്വയം കഴിവ് കൊണ്ട് എല്ലാം നേടുന്നു എന്ന് മനസ്സിൽ വിചാരിച്ചു ഭംഗിയോടെ ഓരോന്നും ചെയ്തു തീർത്തു. ജോലി കഴിഞ്ഞു വൈകിട്ട് നിനക്ക് ഞാൻ തന്ന വിട്ടിൽ നീ വന്നു. നിന്റെ ഭാര്യ, നിനക്ക് ഞാൻ ദാനമായി തന്ന മക്കൾ എല്ലാവരേയും അടുത്ത് നിർത്തി എന്നെ പാടി സ്തുതിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യും എന്ന് ഞാൻ ഒരുപാട് പ്രതീക്ഷിച്ചു... എന്നാൽ ആ സമയം നീ TV യിലെ പരിപാടികൾ കണ്ടു സന്തോഷിച്ചു. നിനക്ക് ലഭിച്ച ആയുസ്സിനും ആരോഗ്യത്തിനും നന്മകൾക്കും ഒരു നിമിഷം നന്ദി പറയുവാൻ നീ സമയം കണ്ടെത്തിയില്ല...

അവസാനം നീ നിന്റെ കിടക്കയിലേക്ക് വിശ്രമത്തിലേക്ക് പോയി.. അപ്പോഴെങ്കിലും ഒരു ദിവസം കൂടി നിനക്ക് ആയുസ്സ് തന്ന, ഒരു കുറവും വരാതെ നിനക്ക് വേണ്ടതെല്ലാം നൽകിത്തന്ന, നിന്റെ കുടുംബത്തെയും നിനക്കുള്ളതി നെയും പരിപാലിച്ച എന്നെ നീ ഓർത്തു ഒരു നിമിഷം നന്ദി അർപ്പിക്കും എന്ന് ഞാൻ അതിയായി ആഗ്രഹിച്ചു കാത്തിരുന്നു ..പക്ഷേ ക്ഷീണം കൊണ്ട് നീ ഉറങ്ങിപ്പോയി...

ഒരു ദിവസം കൂടി കഴിഞ്ഞു പോകുന്നു... വീണ്ടും നിനക്ക് ഞാൻ ആയുസ്സ് നീട്ടിത്തരുന്നു. അത് നൽകിതരുന്ന എന്നെ ഓർത്തു കണ്ണുനീരോടെ അൽപ്പം നന്ദിയുടെ വാക്കുകൾക്കായി ഞാൻ കാത്തിരിക്കുന്നു.... അതിനായി ആഗ്രഹിച്ചു കൊണ്ട്....

എന്ന് നിന്റെ സ്വന്തം പിതാവായ ദൈവം.....

പ്രിയ ദൈവമക്കളെ..... നമ്മുടെ ദൈവം സകലത്തിലും തന്റെ മഹത്വം ആഗ്രഹിക്കുന്നു.. തന്റെ സൃഷ്ടിയായ മനുഷ്യൻ അവനു ദൈവം നല്കിക്കൊടുക്കുന്ന എല്ലാത്തിലും തന്നെ ഓർക്കുവാനും നന്ദി അർപ്പിക്കുവാനും ആഗ്രഹിക്കുന്നു... സകല മഹത്വത്തിനും ബഹുമാനത്തിനും യോഗ്യൻ ആയ ദൈവം തന്റെ മഹത്വം ആർക്കും വിട്ടു കൊടുക്കുവാൻ ആഗ്രഹിക്കുന്നില്ല. ഓരോ നിമിഷവും അനേകം പേർ ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുമ്പോൾ നമ്മുടെ ഓരോ ദിവസവും നാം ജീവിക്കുന്നത് ദൈവത്തിന്റെ മഹാകരുണയും ദയയും അവന്റെ ദാനവുമാണ്....

ആ ദൈവത്തെ നന്ദിയോടെ നമ്മുക്ക് ഓർക്കാം .... കഴിഞ്ഞ ദീർഘ വർഷങ്ങൾ നമ്മെ നില നിർത്തിയ ഈ ദേശത്ത് പരിപാലിച്ച ദൈവത്തെ നന്ദിയോടെ ഓർത്തു കൊണ്ട്, ആ ദൈവത്തിനായി ജീവിക്കാം .....

Br. John Samuel

ദൈവം തന്റെ ജനത്തിന്റെ നിന്ദ മാറ്റിയാൽ

Sis. Sherly

വചനം പറയുന്നു എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും... വചനത്തിലുടനീളം പരിശോധിച്ചാൽ ദൈവത്താൽ മാനിക്കപ്പെട്ട അനേകഭക്തന്മാരെ നമുക്ക് കാണുവാൻ കഴിയും, യോസേഫ് തന്റെ ദർശനത്തിന്റെ പേരിൽ ഒറ്റപ്പെട്ട് സഹോദരന്മാരാൽ വെറുക്കപ്പെട്ട് നിന്ദിതനായി മാറിയപ്പോഴും ദൈവസന്നിധിയിൽ പിറുപിറുപ്പില്ലാതെ മറുത്തുപറയാതെ, തന്റെ നീതി തെളിയിക്കാൻ തുനിയാതെ ദൈവത്തിലുള്ള ഉറച്ച വിശ്വാസം മുറുകെ പിടിച്ചതുകൊണ്ട് ദൈവീക സമയത്തിനു വേണ്ടി സഹിഷ്ണതയോടെ കാത്തിരുന്ന് മാനിക്കപ്പെടുവാൻ ഇടയായി തീർന്നു..... നിന്ദിച്ചവരുടെ മുൻപിൽ അലപസമയത്തേക്ക് തല താഴേണ്ടിവന്നെങ്കിലും തല ഉയർത്തി നിൽക്കേണ്ടതിന് മന്ത്രിസ്ഥാനം വരെ കൊണ്ടെത്തിച്ച ദൈവീക ഭാവത്തിന്റെയും ക്ഷമയുടെയും, സ്നേഹത്തിന്റെയും ഉത്തമ മാതൃകയായി മാറുവാനും തനിക്ക് കഴിഞ്ഞു, കാരണം ജീവിതത്തിലുടനീളം ദൈവം തന്നോടു കൂടെയുണ്ടായിരുന്നെന്നതും താൻ കൃതാർത്ഥനാകുവാൻ ഇതു ഒരു കാരണമായിത്തീർന്നുവെന്നും വചനം നമ്മെ പഠിപ്പിക്കുന്നു, ഇതിൽ നിന്നും യോസഫിന്റെ ക്ഷമാശീലവും സഹിഷ്ണതയും ദൈവത്തോടുകൂടെയുള്ള വാസവും തന്റെ ജീവിതത്തിൽ മാന്യനായി മാറുന്നതിന് കാരണമായെന്നതും സ്വഭാവിക സത്യം, ദൈവമക്കളായ നമുക്ക് മാതൃകയാക്കാൻ പറ്റിയ ഒരുനുഭവം.

കൃപ ലഭിച്ച മറിയ തന്റെ ഉദരത്തിൽ വളരുന്ന യേശുക്കുഞ്ഞിനെക്കുറിച്ചുള്ള ആഴമേറിയ ദർശനം ലഭിച്ചപ്പോൾ അല്പമായി നിന്ദ അനുഭവിക്കേണ്ടി വന്നെങ്കിലും കാലത്തികവിൽ വ്യ്ദത്തനിറവിൽ മാനിക്കപ്പെട്ട് പുക്ഴ്ച്ചക്കു ഹേതുവായി മാറി, നിന്ദയിൽ മാനിക്കുന്ന ദൈവത്തെ സഹിഷ്ണതയോടെ, വിശ്വാസത്തോടെ കാത്തിരുന്ന മറിയ താൻ വഹിച്ചതു നിന്ദയല്ലെന്നും ലോകരക്ഷിതാവിനെ ആണന്നുമുള്ള ആ വലിയ സത്യം ഈ ലോകത്തിന് വെളിപ്പെടുത്തുന്നു.

കാനാവിലെ കല്ല്യാണത്തിൽ വൻ നിന്ദ മാറ്റിയ ശ്രേഷ്ടമേറിയദൈവത്തിന്റെ പ്രവൃത്തികൾ അഗോചരം, അവർണ്ണനീയം. നിന്ദക്കും മാനത്തിനും മദ്ധ്യേ ശ്രേഷ്ഠമായി വെളിപ്പെട്ടു വരുന്ന മറ്റോരു ദൈവീക സ്വഭാവമുണ്ട്. കാനാവിലെ കല്യാണവീട്ടിൽ ക്ഷണിക്കപ്പെട്ട പ്രാണനാഥൻ ആറ് കൽപാത്രങ്ങളിൽ വെള്ളം നിറക്കുവാൻ ആജ്ഞാപിച്ചത് അനുസരിച്ചപ്പോൾ കർത്താവിന്റെ ശുശ്രൂഷയുടെയും അത്ഭുതത്തിന്റെയും ആരംഭം കുറിക്കുകയായിരുന്നു. നിന്ദ മാനമായി മാറിയ അസുലഭനിമിഷം.

പ്രാണനാഥന്റെ സാന്നിദ്ധ്യവും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്താൽ നിറഞ്ഞ മറിയയും, അനുസരിക്കാൻ തയ്യാറായി ഏല്പ്പിച്ചു കൊടുത്ത് അന്ധമായി പ്രണനാഥന്റെ വാക്കിനെ വിശ്വസിച്ചപ്പോൾ അസാദ്ധ്യത്തെ സാദ്ധ്യമാക്കി മാറ്റുവാൻ നിന്ദയെ മാനമാക്കി മാറ്റുവാൻ അവിടെ കഴിഞ്ഞെങ്കിൽ ജീവിതത്തിന്റെ ഏതു അനുഭവത്തിലും വിശ്വാസവും അനുസരണവും ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു.. പൗലോസ് പറയുന്നു.. ക്രിസ്തുവിനു വേണ്ടി നിന്ദ സഹിച്ചാൽ നിങ്ങൾ ഭാഗ്യവാന്മാർ.. പ്രിയരെ, നിങ്ങളുടെ നിന്ദയുടെ അനുഭവങ്ങളെ മാറ്റി ശ്രേഷ്ഠമായി മാനിക്കുന്ന ആ കരങ്ങളിൽ താഴ്ത്തുവാൻ തയ്യാറായാൽ ജീവിതം ക്രിസ്തുവിൽ ധന്യം.. കാൽവറിയിൽ സകല ലോകത്തിന്റെയും നിന്ദയെ ചുമന്നുകൊണ്ട് നമ്മെ മാനിക്കുവാൻ സ്വർഗ്ഗരാജ്യത്തിലിരുത്തുവാൻ സകലവും പിതാവിന്റെ ഇഷ്ടത്തിൽ ഏല്പിച്ചിട്ട് അന്ത്യത്തോളം അനുസരണമുള്ളവനായി, മാറ്റിയ ആ സ്നേഹം എത്ര അതിശയം.

പുത്രനാം ക്രിസ്തുവിനെ ഉയർത്തിയ ദൈവം നാമും ക്രിസ്തുവിൽ തികഞ്ഞവരായി മാറുന്ന ആ സുദിനം സമാഗതമായി... ഉണരാം... വിശ്വാസത്തിൽ ഉറയ്ക്കാം... കൃപയിൽ ആശ്രയിച്ച് ക്രിസ്തുവിന്റെ നിന്ദയെ ചുമക്കാം... പ്രണാനഥന്റെ വരവു ഏറ്റവും സമീപം. ദൈവം നമ്മെഅനുഗ്രഹിക്കട്ടെ.....

Sis. Sherly

Br. Joy Cherian

വീണ്ടെടുപ്പ്

ലേവ്യ. 25; 25–27

ഈ വാക്യങ്ങളിൽ ഒരു കൽപന ആണ് കാണുന്നത്. ഈ കൽപനയിൽ കാണുന്ന ഉദ്ധാരകന് 3 പ്രത്യേക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതുണ്ട് .

1. താൻ വീണ്ടെടുക്കപ്പെടേണ്ടവന്റെ ചാർച്ചക്കാരൻ ആയിരിക്കണം.
2. മുഴുവൻ വിലയും കൊടുത്തു വീണ്ടുകൊള്ളുന്നതിനാവശ്യമായ കഴിവുണ്ടായിരിക്കണം.
3. വീണ്ടുകൊള്ളുന്നതിനുള്ള സന്മനസ്സുണ്ടായിരിക്കേണം.

രൂത്തിന്റെ 2ം അദ്ധ്യായത്തിൽ; രൂത്തിന് അവൾ കേൾക്കാത്തതും അറിയാത്തതുമായ ഒരു വീണ്ടെടുപ്പുകാരൻ ഉണ്ടായിരുന്നു, ബോവസ്സ്! അവൻ രൂത്തിനെ വീണ്ടുകൊള്ളുന്നതിനു മേൽ പറഞ്ഞ യോഗ്യത ഉള്ളവനായിരുന്നു. ദരിദ്രയും, നിരാലംബയും, അവഗണിക്കപ്പെട്ട ജാതിയിലുമുള്ള ഒരു യുവതിയുമായിരുന്ന രൂത്തിനെ അവൻ ദൈവ നിശ്ചയ പ്രകാരം വീണ്ടെടുത്തു...

പാപം ഹേതുവാൽ നാം നമ്മെത്തന്നെ ഒരിക്കൽ സാത്താന് വിൽക്കപ്പെട്ടിരുന്നു. നമ്മെ വീണ്ടെടുക്കുവാനുള്ള പ്രാപ്തി നമ്മൾക്കില്ലായിരുന്നു, നമ്മെ വിണ്ടുകൊള്ളുന്നതിന് നമ്മുക്കൊരു ചാർച്ചക്കാരും ഇല്ലായിരുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി – ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത്, അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലക്കുവാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ. (ഗല്യാത്യർ 4;)

സർവ്വസമ്പന്നനായ ദൈവത്തിന്റെ ഏകാജാതനായവൻ വന്നു നമ്മെ വീണ്ടെടുത്തു, 1പത്രോസ് 1, 18–19 , വെളിപ്പാടു 5: 8–10

ഈ സർവ്വഗോത്രവും ജാതിയും എന്നതിൽ നമ്മെക്കൂടെ ഉൾപ്പെടുത്താൻ ദൈവം പ്രസാദിച്ചു. കേവലം അർഹതയില്ലാതിരുന്ന ഈ വീണ്ടെടുപ്പിന് പാത്രമായി തീർന്ന രൂത്ത് പിന്നീട് ആ വീണ്ടെടുപ്പുകാരന്റെ ഉത്തമ പത്നിയുമായി തീർന്നു, അതുപോലെ നമ്മുടെ വീണ്ടെടുപ്പുകാരനായ കർത്താവു (തിത്തോസ് 2;14 , സങ്കീർത്തനം 19.14ൽ) എന്റെ പാറയും ഹൃദയത്തിലെ ധ്യാനവും നിനക്കും പ്രസാദമായിരിക്കുമാറകട്ടെ എന്നു ദാവിദിനോടു ചേർന്ന് നമുക്കും പ്രർത്ഥിക്കാം.

ഇയ്യോബ് 19;25 ഇയ്യോബിലുണ്ടായിരുന്ന പ്രത്യാശയിലുള്ള സ്ഥിരത നമുക്കുമുണ്ടാകട്ടെ... രൂത്തിന്റെ വീണ്ടെടുപ്പുകാരനായ ആളിന് താൻ വീണ്ടെടുത്ത രൂത്തിനെക്കുറിച്ച് ദുഖിക്കുവാൻ ഇടവന്നില്ല. എന്നാൽ നമ്മുടെ വീണ്ടെടുപ്പുകാരനും കർത്തവുമായവനെ നാം വ്യക്തിപരമായും കൂട്ടമായും എത്ര മാത്രം .. ദുഖിപ്പിക്കുന്നു വെന്നുള്ളത് ഓർത്ത് നമ്മുടെ കർത്താവിനെ വിശ്വസ്തതയും, സാമർത്ഥ്യമുള്ള നിർമ്മലകാന്തയെപ്പോലെ നമ്മുക്ക് സ്നേഹിക്കാം, സേവിക്കാം, ആരാധിക്കാം...

Br. Joy Cherian

Calvary Fellowship Church, Muscat Members

CALVARY CHURCH AND SCHOOL, JHARKHAND

Muttrah, Wadi Kabir Area

Darsait, Mucat Area

Barka, Bousher Area

Ruwi Area

Ghoubra, Ghala Area

Seeb, Fanja Area

Nizwa Area

സഭ ദൈവത്തിന്റേതായാൽ അത് തളിർക്കും... പൂക്കും... ഫലം കായ്ക്കും...

Evg. John Paul

സംവത്സരങ്ങളെ നന്മ കൊണ്ട് അലങ്കരിക്കുന്ന ദൈവം ഇരുപത്തിയഞ്ച് വർഷങ്ങൾ മരുഭൂമിയിൽ ദൈവത്തിന്റെ ജീവനുള്ള കല്ലുകളായി ചേർത്ത് പണിത് നില നിന്ന ദൈവസഭക്ക് ഒരായിരം ആശംസയുടെ പൂച്ചെണ്ടുകൾ. പാപത്തിന്റെ ഭാരം ചുമന്ന് നടുവൊടിഞ്ഞ് ദു:ഖത്തിന്റെ കണ്ണുനീർ ചാലുകളിൽ കഴിഞ്ഞ എന്നെ നിത്യതയുടെ ദർശനം തന്ന് കരം പിടിച്ചെഴുന്നേൽപ്പിച്ച ദൈവസഭയെ നന്ദി നന്ദി. ദൈവം തിരഞ്ഞെടുത്തതിനെ ആർ കുറ്റം വിധിക്കും. തിരഞ്ഞെടുപ്പ് ദൈവത്തിനുള്ളതാണ്.

നട്ടവനും നടുന്നവനും ഏതുമില്ല, വളരുമാറാക്കുന്ന ദൈവം ജീവിക്കുന്നു. നമ്മുടെ വിഷയം ദൈവസന്നിധിയിൽ വയ്ക്കുക. സംഖ്യ പുസ്തകം 17:7. മോശവടികളെ സാക്ഷ്യകൂടാരത്തിൽ യഹോവയുടെ സന്നിധിയിൽ വച്ചു. (വിഷയം ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിക്കുക.) സംഖ്യ പുസ്തകം യിസ്രയേൽ ജനം മരുഭൂമിയിൽ 38 വർഷം അലഞ്ഞുതിരിഞ്ഞതും മോശ മുഖാന്തിരം യിസ്രായേൽ ജനത്തോട് കൽപ്പിച്ച കൽപ്പനകളുടെയും വിധികളുടെയും ചരിത്രമാണ്.

